ANUAL SUBSCRIPTION RS. 60/- ONLY
RS. 5/- PER COPY

# യാക്കോബ്യൻ

2008, JANUARY

YAKKOOBYAN MONTHLY



# വാർത്തകൾ

## ശ്രേഷ്ഠബാവ മനുഷ്യസ്നേഹിയും നന്മയുടെ പ്രതീകവും : മുഖ്യമന്ത്രി

**കോതമംഗലം**: സാമൂഹ്യസേവനത്തിലൂടെ നന്മ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശ്രേഷ്ഠ കാതോലിക്കാ ബസ്സേലിയോസ് തോമസ് പ്രഥമൻബാവ തികഞ്ഞ മനുഷ്യസ്നേഹിയാണെന്ന് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ അഭിപ്രായപ്പെട്ടു.അഗതികൾക്കും ആലംബഹീനർക്കും താങ്ങും തണലുമായ ബാവ വിദ്യാഭ്യാസ - ആതുരശുശ്രൂഷാ രംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു വർഷം നീണ്ടു നില്ക്കുന്ന പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്കു തുടക്കം കുറിച്ചു കൊണ്ട് എം.എ. കോളേജ് അങ്കണത്തിൽ നടന്ന മഹാസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

കർമ്മനിരതനായ ശ്രേഷ്ഠബാവ വിശ്വാസികളുടെ ആത്മാവും നെടുംതൂണുമാണെന്ന് ബാവയുടെ പ്രശസ്തി. ലോകമെമ്പാടും വ്യാപിച്ചു കൊണ്ടിരിക്കുകയാണെന്നും കേന്ദ്രമന്ത്രി വയലാർ രവി അഭിപ്രായപ്പെട്ടു. പാവപ്പെട്ടവർക്കായുള്ള 100 വീടുകളുടെ നിർമ്മാണ പ്രവർത്തനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജൂബിലി സ്മാരകമായ പെരുമ്പാവൂർ പെയ്ൻ ആന്റ് പാലിയേറ്റീവ് കാൻസർ സെന്ററിന്റെ സമർപ്പണം ഫിഷറീസ് മന്ത്രി എസ്.ശർമ്മ നിർവ്വഹിച്ചു. ഏബ്രഹാം മാർസേവേറിയോസ് അദ്ധ്യക്ഷത വഹിച്ചു. സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും രാഷ്ട്രീയ - സാമൂഹ്യ - സാമുദായിക നേതാക്കളും ലക്ഷക്കണക്കിനു വിശ്വാസികളും സമ്മേളനത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

## പ്രക്കാനം മോർ ഇഗ്നാത്തിയോസ് യാക്കോബായപള്ളി പ്ലാറ്റിനം ജൂബിലി സമാപനം

പ്രക്കാനം മോർ ഇഗ്നാത്തിയോസ് യാക്കോബായ സുറിയാനിപള്ളിയുടെ തന്നാണ്ടു പെരുന്നാളും പ്ലാറ്റിനം ജൂബിലി സമാപനവും സംയുക്തമായി ഡിസംബർ 16 മുതൽ 29 വരെ തീയതികളിൽ വിവിധ പരിപാടികളോടുകൂടി ആഘോഷിക്കപ്പെടുന്നു. ജൂബിലിസമാപന പൊതുസമ്മേളനത്തിൽ അഭി. യൂഹാനോൻ മോർ മിലിത്തിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിക്കും. ഗതാഗതവകുപ്പ് മന്ത്രി ശ്രീ.മാത്യു.റ്റി.തോമസ് സമ്മേളനം ഉത്ഘാടനം ചെയ്യും. മലങ്കര കത്തോലിക്കമാർത്താണ്ഡം രൂപതാ ബിഷപ്പ് അഭി. യൂഹാനോൻ മോർ ക്രിസോസ്റ്റം തിരുമനസ്സ് അനുഗ്രഹ പ്രഭാഷണം നടത്തുകയും സുവനീർ പ്രകാശനം ചെയ്യുകയും ചെയ്യും. അഭി. ഗീവർഗീസ് മോർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത ജൂബിലി സ്മാരക ഭവന താക്കോൽ ദാനം നിർവ്വഹിക്കും.

## മൂർഗൻ റമ്പാൻ സന്യാസം ശക്തിപ്പെടുത്തി

**ജർമ്മനി** : കേരളത്തിൽ നിന്ന് മിലിത്തിയോസിന്റേയും അത്തനാസ്യോസിന്റേയും വേഷഭൂഷാദികൾ അണിഞ്ഞ് ജർമ്മിനിയിൽ തിരിച്ചെത്തിയ തുർക്കിവംശജനായ മൂർഗാൻ സുറിയാനിക്കാരുടെ അവഹേളനം സഹിക്കവയ്യാതെ സ്വന്തം വീട്ടിൽ സന്യാസം ശക്തിപ്പെടുത്തിയതായാണ് അറിയാൻ കഴിയുന്നത്. സുറിയാന വിശ്വാസികൾ ഇവരുടെ പട്ടത്വത്തിൽ സംശയം പൂണ്ട് ബഹിഷ്ക്കരിക്കുകയും അകറ്റി നിറുത്തുകയുമാണുണ്ടായത്. പ.പാത്രിയർക്കീസ്ബാവായിൽ നിന്നു മാത്രമേ പട്ടത്വമുള്ളൂയെന്ന് വിശ്വസിക്കുന്ന ഈ ജനത പ. ബാവയുടെ സുസ്ഥാത്തിക്കോൻ ഇല്ലാത്തവരെ അംഗീകരിക്കാറില്ല. ജർമ്മനിയിലെ കത്തോലിക്കാ സഭയുമായി ഇവർ ബന്ധപ്പെട്ടെങ്കിലും താന്തോന്നികളായ ഇവരെ ഒരിക്കൽ ചെന്നിട്ട് തിരികെ പോന്നവരായതിനാൽ ഒഴിവാക്കിയിരിക്കയാണ്.

ഓർത്തഡോക്സ് സഭയിലെ രണ്ടു മെത്രാന്മാർ മറ്റു സഭകളിലെ മതപരവും ആത്മിയവും ഭരണപരവുമായ കാര്യങ്ങളിൽ ഇടപെട്ട് സഭകൾ തമ്മിലുള്ള ബന്ധവും പരസ്പര മര്യാദകളും ലംഘിച്ചതിൽ എക്യുമെനിയ്ക്കൽ രംഗത്ത് വലിയ നാണക്കേടു സൃഷ്ടിച്ചിരിക്കയാണ്. അന്തസ്സില്ലാത്ത ഇത്തരം നിയമവിരുദ്ധ നടപടികൾക്കെതിരെ ഓർത്തഡോക്സ് നേതൃത്വം നിസ്സഹായത പുലർത്തുന്നത് കെട്ടുറപ്പില്ലായ്മയും നേതൃത്വശേഷിയില്ലായ്മയുമാണ് കാണിക്കുന്നത്. ഇതാണ് സരല മര്യാദകളും നിയമവ്യവസ്ഥകളും ആചാരങ്ങളും ലംഘിക്കുവാൻ മിലിത്തിയോസിനേയും മറ്റും ശക്തിപ്പെടുത്തുന്ന ഘടകങ്ങൾ. വട്ടക്കുന്നേൽ ബാവയ്ക്കു ശേഷം ഇൻഡ്യൻ ഓർത്തഡോക്സ് സഭയിൽ നേതൃത്വത്തിന്റെ അഭാവം പ്രകടമാണ്. സ്ഥാനങ്ങൾക്കുവേണ്ടിയുള്ള മത്സര സമയത്തു മാത്രമാണ് സഭയുടെ സാന്നിദ്ധ്യം മറ്റുള്ളവർ മനസ്സിലാക്കുന്നത്. മാത്യൂസ് ദ്വിതീയൻബാവക്കു സ്വന്തം ഗ്ലാമറിൽ പിടിച്ചു നില്ക്കാൻ കഴിഞ്ഞെന്നുമാത്രം.


**വള്ളിക്കോട് കോട്ടയം സെന്റ് മേരീസ് യാക്കോബായ പള്ളി**

**ശദാബ്ദി ആഘോഷവും ശ്രേഷ്ഠ കാതോലിക്കാ ബാവായ്ക്ക് സ്വീകരണവും**

26, 27, 28 തീയതികളിൽ, 27 ന് വൈകിട്ട് 4 മണിക്ക് ശ്രേഷ്ഠ ബാവായ്ക്ക് സ്വീകരണം

രാഷ്ട്രീയ – സാമുദായിക – സാമൂഹിക നേതാക്കൾ പങ്കെടുക്കുന്നു.

# പാക്ക് പ്രസിഡന്റും ദേവലോകം കാതോലിക്കായും

പാകിസ്ഥാന്റെ ജനനം തന്നെ ചില സ്ഥാപിത താല്പര്യത്തിന്റെയും മതമൗലിക വാദത്തിന്റെയും സ്വതന്ത്ര ഭരണം എന്ന ആശയത്തിന്റേയും പരിണിത ഫലമാണ്. ഇന്ത്യ മഹാരാജ്യത്തിൽനിന്ന് വിട്ടു നിന്നുള്ള ഭരണവും അതുമൂലം ഇസ്ലാം സമുദായത്തിനുണ്ടാകുന്ന നേട്ടവും അവർ സ്വപ്നം കണ്ടിരുന്നു. അങ്ങനെ ബ്രിട്ടീഷുകാരുമായുണ്ടാക്കിയ ചില രഹസ്യ ഇടപാടുകളിലൂടെ രഹസ്യ അജണ്ട നടപ്പാക്കുകയായിരുന്നു. മുഹമ്മദാലി ജിന്ന അപ്രതീക്ഷിതമായി ഇന്ത്യക്കാരെ ഞെട്ടിച്ചുകൊണ്ട് ഭരണാധികാരിയായി. ഈ വഞ്ചന ഇന്ത്യൻ നേതാക്കൾക്ക് അംഗീകരിക്കേണ്ടിയും വന്നു. പിന്നീടുണ്ടായ സംഭവവികാസങ്ങൾ എല്ലാവർക്കും അറിയാം. കാലാവധി തികച്ച ഭരണാധികാരികളും ആയുസ്സു പൂർത്തിയാക്കിയവരും ചുരുക്കമാണ്. പലരും പാലായനം ചെയ്ത് ജീവിതം കഴിച്ചവരാണ്.

കഴിഞ്ഞ മാസം വേണ്ടത്ര അംഗരക്ഷകരും സംരക്ഷണം ഇല്ലാത്തതിനാൽ കൊല്ലപ്പെട്ട ബേനസീർ ഭൂട്ടോയുടെ അന്ത്യവും അതിനുശേഷമുണ്ടായ വിവാദവും നമുക്കറിയാം. മുഷറഫിന് കൊലപാതകത്തിൽ പങ്കുണ്ടെന്ന് പലരും വിശ്വസിക്കുന്നു. നിരപരാധിത്വം തെളിയിക്കാൻ സ്കോട്ട്ലന്റ് യാർഡ് പോലീസിന്റെ സഹായം അദ്ദേഹം തേടുകയും ചെയ്തു. എന്നാലും ഒരിക്കൽ ജീവാപായത്തിനു ഇടയുണ്ടായ ഭൂട്ടോയെ സംരക്ഷിക്കാൻ യാതൊരു ക്രമീകരണവും നടത്താത്ത മുഷ്റഫിന്റെ നടപടിയിൽ ദുരൂഹതയുണ്ടെന്ന് കൊലപാതകത്തിന്റെ ുത്തരവാദിത്വത്തിൽനിന്ന് അദ്ദേഹത്തിനു ഒഴിഞ്ഞു നിൽക്കാനും കഴിയില്ല.

പാകിസ്ഥാന്റെ അതേ അവസ്ഥയാണ് ഇന്ത്യൻ ഓർത്തഡോക്സ് വിഭാഗം. ആകമാന സഭയിൽനിന്ന് സ്വതന്ത്രമാകാനും സ്വതന്ത്ര ഭരണം നടത്തുവാനും 1912-ൽ രഹസ്യമായി സ്ഥാനഭ്രഷ്ടനായ പാത്രിയർക്കീസിനെ വിളിച്ചുവരുത്തി അതീവ രഹസ്യമായി കാതോലിക്കായെ വാഴിച്ച് 1934-ൽ ഒരു ഭരണഘടന ഏകപക്ഷീയമായി അഥവാ ഭാഗീകമായി സൃഷ്ടിച്ച് പൗരസ്ത്യ കാതോലിക്കേറ്റ് എന്ന് നാമകരണം ചെയ്തു. പിന്നീടുണ്ടായ പിൻഗാമികളുടെ സ്ഥിതി നമുക്കറിയാം. പലരെയും സ്ഥാനഭ്രഷ്ടരാക്കി പിൻഗാമികൾ സ്ഥാനം കയ്യടക്കി.

ഈയ്യിടെ നടന്ന വിദേശ മെത്രാന്റെ (മൂർഗൻ) വാഴ്ചയുടെ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞു മാറാൻ കാതോലിക്കായും സിനഡും ശ്രമിച്ചെങ്കിൽ അവരുടെ പങ്കാളിത്തം അത്താനാസ്യോസും മിലിത്തിയോസും പത്രപ്രസ്താവനയിലൂടെ വെളിപ്പെടുത്തി. അകാനോനികമായും നിയമവിരുദ്ധമായും നടത്തിയ ഈ വാഴ്ചക്കെതിരെ കാര്യമായ നടപടികൾ എടുക്കാതിരുന്നതുതന്നെ സിനഡിന്റെ ഒളിച്ചുകളി വ്യക്തമാക്കുന്നു. മഞ്ഞനിക്കര ദയറായിൽ (പരി. ഏലിയാസ് തൃതിയൻ കബർ) ശുശ്രൂഷിച്ചുകൊണ്ടിരുന്ന തുർക്കിക്കാരനായ വന്ദ്യ. അപ്രേം ആബൂദി റമ്പാന്റെ വിസ ക്യാൻസൽ ചെയ്യിച്ച് അന്നത്തെ കേന്ദ്രമന്ത്രി സി.എം.സ്റ്റീഫന്റെ സഹായത്തോടെ നാടുകടത്തിയും പൗരസ്ത്യ സുവിശേഷ സമാജത്തിനുവേണ്ടി കടവിൽ തിരുമേനിയെ വാഴിച്ചതിനു സിവിൽ കേസ് ഫയൽ ചെയ്ത് സഭയെ പിളർത്തി. കോടിക്കണക്കിനു രൂപ സഭയിലെ അംഗങ്ങളായ ഇരുവിഭാഗവും ചെലവാക്കി. സഭയുടെ അന്തസ്സും വളർച്ചയും ക്രൈസ്തവ സാക്ഷ്യവും നഷ്ടപ്പെടുത്തിയ ഇന്ത്യൻ ഓർത്തഡോക്സ് വിഭാഗം ഇന്ന് തുർക്കി വംശജനെ ക്ഷണിച്ചുവരുത്തി പട്ടംകൊടുത്ത് സഭാതലവനായ പരി. പാത്രിയർക്കീസ് ബാവായേയും നിയമവാഴ്ചയേയും വെല്ലുവിളിച്ചിരിക്കുകയാണ്.

എഡിറ്റർ
അലക്സാണ്ടർ കാരയക്കാട്

# വിശുദ്ധ നാട്ടിലൂടെയും, വിശുദ്ധ ഗ്രന്ഥത്തിലൂടെയും

കെ.ഒ.ഫിലിപ്പ് കൈപ്പട്ടൂർ

## ക്യംതാ ദൈവാലയം (THE HOLY SEPULCHURE CHURCH)

ഞായറാഴ്ച ക്രിസ്ത്യാനികൾ വിശുദ്ധ ദിനമായി ആചരിക്കുന്ന ദിവസം. അന്ന് യിസ്രായേലിൽ അവർക്ക് അവധി ദിവസമാണ്. ഞങ്ങൾ യെറുശലേമിൽ കർത്താവിന്റെ കബറിടത്തിലേക്ക് യാത്ര തിരിച്ചു. തിരുകബറിങ്കലെ വിശുദ്ധ കുർബ്ബാനയിൽ സംബന്ധിച്ച് തിരുശരീര രക്തങ്ങൾ അനുഭവിക്കേണ്ടതുകൊണ്ട് എല്ലാവരും പ്രഭാത ഭക്ഷണം വെടിഞ്ഞിരുന്നു.

ഞങ്ങൾ യെറുശലേം കോട്ടക്ക് പുറത്ത് ബസ്സിൽ ഇറങ്ങി ക്യംത്യാ ദൈവാലയത്തിലേക്ക് നടന്നു നീങ്ങി. യാത്രയിൽ, ഞങ്ങൾക്ക് മുൻപേ താളാത്മകമായ ഒരു ശബ്ദം കേൾക്കാമായിരുന്നു. അർമ്മീനിയൻ പാത്രിയർക്കീസ് കർത്താവിന്റെ കബറിങ്കലെ വിശുദ്ധ കുർബ്ബാനയ്ക്കായി ആഘോഷപൂർവ്വം പോകുന്ന കാഴ്ചയായിരുന്നു കണ്ടത്. അരയിൽ ഒരു തരം വാള് കെട്ടി, ചില സ്ഥാന ചിഹ്നങ്ങൾ ധരിച്ചും, വെള്ളി പൂശിയ ഒരു തരം അധികാര വടി തറയിൽ ശക്തിയായി ഇടിച്ചും മുൻപിലായി ഒരു നിര സേവകന്മാർ നടന്നു നീങ്ങുന്നു. അതിന്റെ പിൻപിലായി പാത്രിയർക്കീസ്, പിന്നെ മെത്രാന്മാർ, റമ്പാന്മാർ, വൈദികർ, ശെമ്മാശ്ശന്മാർ, എന്നിങ്ങനെ ഏറ്റവും പുറകിലായി യിസ്രായേൽ പോലീസും. പുരോഹിതഗണം എല്ലാവരും കറുത്ത കുപ്പായം അണിഞ്ഞവർ. മെത്രാന്മാരുടെ തൊപ്പി സുറിയാനി സഭയുടേത് പോലെയല്ല. കൂർത്ത മുനയുള്ള കറുത്ത കട്ടിയുള്ള ഒരു വസ്ത്രമാണിത്. പിൻഭാഗം മസനപ്സാ പോലെ താഴേക്ക് കിടക്കും. ഈ ആഘോഷയാത്രയിൽ മറ്റ് ആർക്കെങ്കിലും എതിരെ നടക്കുവാനോ പാത മറികടക്കുവാനോ അനുവാദമില്ല. ദണ്ഡ് കൊണ്ട് തറയിൽ ഇടിച്ച് ശബ്ദമുണ്ടാക്കുന്നത് പാത്രിയർക്കീസിന്റെ ആഗമനത്തെ വിളിച്ചറിയിക്കുവാനാണ്. വി. കുർബ്ബാനയ്ക്കായി അർമ്മീനിയൻ സഭാ മേലദ്ധ്യക്ഷൻ ഇപ്രകാരമാണ് കർത്താവിന്റെ കബർ സ്ഥിതി ചെയ്യുന്ന ക്യംതാ ദൈവാലയത്തിലേക്ക് വരിക. അർമ്മീനിയൻ പാത്രിയർക്കേറ്റ് യറുശലേം കോട്ടയ്ക്ക് അടുത്തുതന്നെയാണ്. ഈ ആഘോഷയാത്രയുടെ പുറകിലായി മന്ദം മന്ദം ഞങ്ങളും നടന്നു നീങ്ങി. ക്യംതാ ദൈവാലയത്തിലെ നമ്മുടെ പള്ളിയിൽ എത്തിയപ്പോൾ മൂന്നാം മണി നമസ്ക്കാരം നടക്കുകയായിരുന്നു.

ക്യംതാ ദൈവാലയവുമായി ബന്ധപ്പെട്ട സംഭവങ്ങൾ വിവരിക്കുമ്പോൾ യറുശലേമിന് നേരെയുണ്ടായ യുദ്ധങ്ങളും യുദ്ധ ഭീഷണികളും അവയിൽ നിന്നുളവായിട്ടുള്ള നേട്ടങ്ങളും കോട്ടങ്ങളും ചുരുക്കമായിട്ടെങ്കിലും പ്രതിപാദിക്കാതിരിപ്പാൻ സാദ്ധ്യമല്ല.

ക്യംതാ ദൈവാലയത്തിന് "കബറിടപ്പള്ളി" എന്നും പേരുണ്ട്. പാശ്ചാത്യ-പൗരസ്ത്യ സഭകളിലെ ക്രിസ്തു ദൈവശാസ്ത്ര (Theology) ചിന്താഗതിക്ക് അനുസൃതമായി യേശുക്രിസ്തുവിന്റെ സ്ലീബായിലേക്കുള്ള കരേറ്റം, പുനരുത്ഥാനം (Resurrection), സ്വർഗ്ഗാരോഹണം (Ascension) മുതലായി തന്റെ പരസ്യ ശുശ്രൂഷാ കാലയളവിൽ നടന്ന ഓരോ സംഭവത്തിനും ഓരോ പ്രാമുഖ്യം ഈ രണ്ട് സഭകളും കൊടുക്കുന്നു. ഒരു വിഭാഗം. ക്രിസ്തുവിന്റെ, പീഡാനുഭവത്തിനും കുരിശ് മരണത്തിനും പ്രാധാന്യം കൊടുക്കുമ്പോൾ മറ്റെ വിഭാഗം ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന് ഊന്നൽ കൊടുക്കുന്നു. (രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ടവരാണ് സുറിയാനിക്കാർ) മാനവരാശിയുടെ രക്ഷയ്ക്കായി ക്രിസ്തു സ്ലീബാമേൽ തൂക്കപ്പെട്ടു എന്നതിന് പാശ്ചാത്യ സഭയും സാത്താനെ തോല്പിച്ച് മരണത്തെ വിജയിച്ച് മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു എന്നതിന് പൗരസ്ത്യ സഭയും കൂടുതൽ പ്രാധാന്യം നൽകുന്നു. ക്രൂശിൽ നിന്ന് ക്രിസ്തു ഉയിർത്തെഴുന്നേറ്റ് 40-ാം നാൾ സ്വർഗ്ഗാരോഹണം ചെയ്ത് പിതാവാം ദൈവത്തിന്റെ വലത്തുഭാഗത്തിരുന്ന് നമുക്കുവേണ്ടി പക്ഷഭേദം നടത്തുന്നു എന്ന് പൗരസ്ത്യ സഭകൾ വാദിക്കുന്നു. ആയതിനാൽ പാശ്ചാത്യ സഭ "കബറിടപ്പള്ളി" എന്നു പറയുമ്പോൾ പൗരസ്ത്യ സഭ "ക്യംതാ പള്ളി" എന്ന് പേര് പറയുന്നു. (ക്യംതാ = ഉയിർപ്പ്) ക്യംതാ ദൈവാലയത്തിന്റെ പ്രധാന കവാടത്തിൽ കബറിടപ്പള്ളി എന്നർത്ഥം വരുന്ന 'The Holy Sepulchure Church' എന്നെഴുതിയിരിക്കുന്നു. ക്രിസ്തു കുരിശു മരണം വരിച്ച വെള്ളിയാഴ്ചയേ ക്രൈസ്തവർ വിശുദ്ധദിനമായി ആചരിക്കുന്നു. 1കൊരി. 15:14,17 എന്നീ വാക്യങ്ങൾ ഇതുമായി ഒത്തുചേർന്ന് വായിക്കാം.

കാൽവറി മലയുടെ ഉപരിഭാഗവും അരിമത്യക്കാരൻ യൗസേഫിന്റെ തോട്ടവും ഒക്കെ ചേർന്നാണ് ഈ ബ്രഹ്മാണ്ഡമായ പള്ളി പണി കഴിപ്പിച്ചിരിക്കുന്നത്. കർത്താവിനെ ക്രൂശിച്ച സ്ഥലം, ക്രൂശിക്കുന്നതിനു മുൻപ് ആണി അടിച്ച സ്ഥലം, സ്ത്രീകൾ കരഞ്ഞു കൊണ്ട് നിന്നിരുന്ന സ്ഥലം, കുരിശിൽ നിന്ന് ഇറക്കി കിടത്തിയ സ്ഥലം, കർത്താവിന്റെ കുരിശ് കണ്ടെടുത്ത സ്ഥലം, അരിമത്യക്കാരൻ യൗസേഫി

ന്റെ തോട്ടം, യോസഫിന്റെയും നിക്കോദിമോസിന്റെയും കല്ലറ, തുടങ്ങി അനേക സ്ഥലങ്ങളും, സ്ഥാനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ പള്ളി നിർമ്മിച്ചിരിക്കുന്നത് എന്ന് പറയുമ്പോൾ കൃംതാ ദൈവാലയത്തിന്റെ വലിപ്പം ഊഹിക്കാവുന്നതേയുള്ളു. കൂടാതെ ചെറിയ പള്ളികളും (ചാപ്പൽ) ത്രോണോസുകളും വേറെയുമിതിലുണ്ട്. ഇത് ഇന്നത്തെ സ്ഥിതി. ഈ ദൈവാലയത്തിന്റെ പൂർവ്വചരിത്രം അല്പമായി:-

എ.ഡി.70-ൽ റോമൻ ചക്രവർത്തി തീത്തൂസിനാൽ യറുശലേം മുഴുവൻ ഉഴുതു മറിക്കപ്പെട്ടു. ഒന്നും തന്നെ ശേഷിപ്പിച്ചില്ല. (എ.ഡി. 70-ലെ യറുശലേം നാശത്തെപ്പറ്റി അന്യത്ര വിവരിക്കുന്നുണ്ട്.) കർത്താവിന്റെ കബറിടവും മറ്റ് പുണ്യസ്ഥലങ്ങളും കല്ലും മണ്ണും ഇട്ട് മൂടി എല്ലാം ഉന്മൂല നാശം വരുത്തി, ഒരു പുതിയ റോമാനഗരം കെട്ടിപ്പടുക്കുവാൻ തുനിഞ്ഞിറങ്ങി. യഹൂദരെയും യഹൂദ ക്രിസ്ത്യാനികളെയും യറുശലേമിൽ നിന്ന് തുരത്തി. 65 വർഷത്തോളം റോമാക്കാർ യറുശലേം ഭരിച്ചു. -ഹാഡ്രിയൻ അതീവം പരിശ്രമിച്ചു. റോമാ ദേവി വീനസ്സിന്റെ പ്രതിമയായിരുന്നു വിശുദ്ധ കബറിന് മുകളിൽ പ്രതിഷ്ഠിച്ചത്. എന്നറിയുമ്പോൾ ക്രൈസ്തവരോടുള്ള വൈരാഗ്യം എത്ര മാത്രമായിരുന്നു എന്ന് മനസ്സിലാക്കാമല്ലോ.

കുസ്തന്തിനോസ് ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ചതോടുകൂടി വിശുദ്ധസ്ഥലങ്ങളുടെ ഉയർത്തെഴുന്നൽപ്പിനായി എന്നു പറയാം. റോമാ സാമ്രാജ്യം മുഴുവൻ ക്രിസ്തു മതം ഔദ്യോഗിക മതമായി പ്രഖ്യാപിച്ചു. എ.ഡി. 325-ൽ കുസ്തന്തിനോസ് രാജാവ് ഗോഗുൽത്തായിൽ ഉണ്ടായിരുന്ന ദേവീ വിഗ്രഹങ്ങൾ നശിപ്പിച്ച് കല്ലും മണ്ണും മാറ്റി പുണ്യസ്ഥലങ്ങളും വീണ്ടെടുത്തു. രാജാവിന്റെ മാതാവ് ഹെലനി രാജ്ഞിയുടെ പ്രത്യേക താല്പര്യപ്രകാരം കബറിടത്തിൽ ഒരു ദൈവാലയം പണിയുവാൻ ആരംഭിച്ചു. ഇതാണ് കൃംതാ ദൈവാലയത്തിന്റെ തുടക്കം. ഇവിടെയും യറുശലേമിലും മാത്രമല്ല; ബേത്‌ലഹേം, നസറേത്ത് തുടങ്ങി എല്ലാ പുണ്യസ്ഥലങ്ങളും സ്ഥാനങ്ങളും കണ്ടെത്തി അവിടവിടെ ആരാധന അർപ്പിച്ച് വരികയും ചെയ്തുപോന്നു.

എ.ഡി.614-ൽ പേർഷ്യാക്കാർ ഈ ദൈവാലയം ആക്രമിച്ചു. ഇതിനു മുമ്പും ഇവരിൽ നിന്നും ആക്രമണം ഉണ്ടായിട്ടുണ്ട്. എന്നാൽ കബറിന് കാര്യമായ കേടുപാടുകൾ സംഭവിച്ചില്ല. കൃംതാ പള്ളി അറ്റകുറ്റപ്പണികൾ ചെയ്ത് പുതുക്കി. എ.ഡി. 638-ൽ ഓമർ യെറുശലേം പിടിച്ചടക്കി. ദൈവാലയത്തിന് കേടുപാടുകൾ സംഭവിച്ചില്ല എന്നു മാത്രമല്ല പ്രവാചകനോടുള്ള ബഹുമാനം നിമിത്തം കൃംതാ പള്ളിയുടെ മുമ്പിൽ നിന്ന് നമസ്ക്കരിക്കുകയും ചെയ്തു. ഈ നമസ്ക്കാരത്തിന്റെ ഓർമ്മയ്ക്കായി മുഹമ്മദീയർ, കൃംതാ ദൈവാലയത്തിന്റെ അരികിലായി ഒരു മുസ്ളീം പള്ളി പണിതു. അത് ഇപ്പോഴും അവിടെ കാണാം. എ.ഡി. 1009 ൽ ഈജിപ്റ്റിൽ നിന്ന് വന്ന ഖാലിദ് ഹക്കിം കൃംതാ പള്ളി ഭാഗീകമായി നശിപ്പിച്ചുകളഞ്ഞു. കബറിന് കാര്യമായ കേടുപാടുകൾ സംഭവിച്ചില്ല. അന്നത്തെ കുസ്തന്തിനോസ് പുനർ നിർമ്മാണം ഏറ്റെടുത്ത് പള്ളി വീണ്ടും പുതുക്കി പണിതു.

ഏകദേശം മുപ്പത്തിയഞ്ച് പ്രാവശ്യം യറുശലേം നഗരം ആക്രമിക്കപ്പെട്ടിട്ടുണ്ട്. ഈ യുദ്ധത്തിലൊന്നും തന്നെ കൃംതാ ദൈവാലയത്തിന് കാര്യമായ നാശം സംഭവിച്ചില്ല. തിരുകബറും പുണ്യസ്ഥലങ്ങളും സുരക്ഷിതമായി നിലനിൽക്കുന്നു എന്നു മാത്രമല്ല; കാലാകാലങ്ങളിൽ ഓരോ സ്ഥാനങ്ങളുടെയും കേടുപാടുകൾ തീർത്ത് മനോഹരമാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

## കുരിശു യുദ്ധം (Crusaders)

പാലസ്തീൻ നാട്ടിൽ കർത്താവിന്റെ പാദസ്പർശമേറ്റ വിശുദ്ധസ്ഥലങ്ങളും യറുശലേം നഗരവും മുഹമ്മദീയരിൽ നിന്ന് വീണ്ടെടുക്കുന്നതിനും നശിപ്പിക്കപ്പെട്ട പള്ളികൾ പുനർ നിർമ്മിക്കുന്നതിനും ഗണ്യമായ പങ്കുവഹിച്ചിട്ടുള്ളവരാണ് കുരിശു യുദ്ധക്കാർ (Crusaders). യറുശലേം സഭാ ചരിത്രത്തിൽ കുരിശുയുദ്ധക്കാർക്ക് വിസ്മരിക്കാനാവാത്ത പങ്കുണ്ട്. എ.ഡി.1076-ൽ തുർക്കിയിൽ നിന്നുള്ള ഒരു കൂട്ടം മുസ്ളീം സഹോദരങ്ങൾ യറുശലേമിനെ ആക്രമിച്ചപ്പോഴായിരുന്നു ആദ്യമായി കുരിശുയുദ്ധക്കാർ രംഗപ്രവേശം ചെയ്തത്. (ഈ യുദ്ധസന്നാഹത്തിലുണ്ടായിരുന്ന പട്ടാളക്കാർ തങ്ങളുടെ വസ്ത്രത്തിന്മേലും അവരുടെ കൊടിയിന്മേലും കുരിശാകൃതിയിലുള്ള അടയാളം തുന്നിപ്പിടിപ്പിച്ചിരുന്നു. അങ്ങനെയാണ് കുരിശുയുദ്ധക്കാർ എന്ന് പേര് വന്നത്).പതിനൊന്നും, പന്ത്രണ്ടും, പതിമൂന്നും നൂറ്റാണ്ടുകളിലാണ് മുഹമ്മദീയ ആക്രമണം യറുശലേമിലും സമീപ വിശുദ്ധ നഗരങ്ങളിലും ആഞ്ഞടിച്ചത്. അനേകരുടെ ജീവനൊടുക്കി. അംഗഹീനരും കുടുംബം നഷ്ടപ്പെട്ടവരും അതിൽകൂടുതൽ. പലായനം ചെയ്തു രക്ഷപെട്ടവരുമുണ്ട്.

കുരിശു യുദ്ധങ്ങൾക്ക് ആദ്യം പരോക്ഷമായും പിന്നെ പ്രത്യക്ഷമായും നേതൃത്വം കൊടുത്തിരുന്നത് റോമായിലെ മാർപാപ്പാമാരായിരുന്നു. പ്രൊട്ടസ്റ്റന്റ് സഭ ഉടലെടുക്കുന്നതിന് മുമ്പ് യൂറോപ്പ്യൻ രാജ്യങ്ങൾ മുഴുവനും മാർപാപ്പായുടെ ആത്മീയ അധികാരത്തിൻ കീഴിൽ ആയിരുന്നതിനാൽ കുരിശു യുദ്ധക്കാർ ഏറെയും അവിടെ നിന്നുള്ളവരായിരുന്നു. ചരിത്രത്തിൽ എട്ട് കുരിശു യുദ്ധങ്ങളാണ് നടന്നിട്ടുള്ളത്.

എ.ഡി.1095 മുതൽ 1099 വരെയായിരുന്നു ആദ്യത്തേത്. ഇതിന് നേതൃത്വം കൊടുത്തവർ ഏർബൻ രണ്ടാമൻ പാപ്പായും സന്യാസികളും ആയിരുന്നു. പ്രസംഗങ്ങൾ, തെരുവ് നാടകങ്ങൾ മുതലായവ നടത്തി മുഹമ്മദീയരെ ബോധവൽക്കരിക്കാൻ പീറ്റർ എന്ന ദയറാക്കാരൻ (സന്യാസി) അതീവ പരിശ്രമിച്ചു. 1099-ൽ യറുശലേം തുർക്കികളിൽ നിന്ന് തിരിച്ചു പിടിച്ച് ഭരണം ഏറ്റെടുത്തു. അനേകം മുഹമ്മദീയരെ കൊന്നൊടുക്കി. മാർപാപ്പായുടെ കീഴിൽ, യറുശലേമിലും, ബേത്‌ലഹേമിലും ബിഷപ്പുമാരെ നിയമിച്ചു. ഒരു ക്രൈസ്തവ ഭരണ നടപടി ക്രമീകരിക്കുകയും കൃംതാ ദൈവാലയം ഏറ്റവും മനോഹരവും വിപുലവുമായി പണിയുകയും ചെയ്തു. ഇതാണ് ഇന്ന് കാണുന്ന കൃംതാ ദൈവാലയം.

രണ്ടാം കുരിശ് യുദ്ധം 1147-ൽ ആയിരുന്നു. 1144-ൽ മുസ്ളീംങ്ങൾ എഡെസ്സാ കൈവശപ്പെടുത്തിയിരുന്നു. ഒപ്പം യെറുശലേമിനെ ആക്രമിക്കുകയും ചെയ്തു. ഇതിനെതിരെ യുദ്ധം ചെയ്തതിന് നേതൃത്വം കൊടുത്തത് യൂജിനിയസ് എന്ന മാർപാപ്പാ ആയിരുന്നു. ജർമ്മൻ ചക്രവർത്തി കോൺറാഡ് രണ്ടാമനും, ഫ്രാൻസിലെ രാജാവായ ലൂയി ഏഴാമനും പാപ്പായെ സഹായിച്ചു.

മൂന്നാമത്തെ കുരിശു യുദ്ധം 1189-ൽ നടന്നു. 1187-ൽ മുസ്ളീംങ്ങൾ യറുശലേം വീണ്ടും പിടിച്ചെടുത്തപ്പോഴായിരുന്നു ഈ യുദ്ധം. അന്ന് ഫ്രാൻസിലെ രാജാവായിരുന്ന ഫിലിപ്പും ഇംഗ്ലണ്ടിലെ രാജാവായിരുന്ന റിച്ചാർഡും സേനാനായകന്മാരായി യുദ്ധം ചെയ്തു. ഈ യുദ്ധം മൂലം പലസ്തീൻ നാടിന്റെ കടലോര പ്രദേശങ്ങൾ വീണ്ടെടുത്തു.

1215-ൽ നാലാം കുരിശ് യുദ്ധം ഇന്നസെന്റ് മൂന്നാമൻ മാർപാപ്പായുടെ നേതൃത്വത്തിൽ നടന്നു. മുപ്പതിനായിരം കുട്ടികൾ (ബാലികാ-ബാലന്മാർ) ഈ യുദ്ധത്തിൽ പങ്കെടുത്തിരുന്നതായി ചരിത്രം സാക്ഷിക്കുന്നു. കർത്താവിനെ പ്രതി സ്വമേധയാ ഇറങ്ങിതിരിച്ച ഈ കുഞ്ഞുകളിൽ നല്ലൊരു ശതമാനം മരിച്ചു പോവുകയോ ശേഷിച്ചവർ അടിമകളാക്കപ്പെടുകയോ ചെയ്തു.

അഞ്ചാം കുരിശ് യുദ്ധം 1218-ലും , ആറാമത്തേത് 1228-29 വർഷങ്ങളിലുമായിരുന്നു. യുദ്ധത്തിന് ഫ്രഡറിക് രണ്ടാമൻ ചക്രവർത്തി നേതൃത്വം നൽകി. മുസ്ളീംങ്ങളുമായി ചില ഉടമ്പടികൾ ഉണ്ടാക്കിയെടുക്കുവാൻ ഈ യുദ്ധം കൊണ്ട് സാധിച്ചു. ബേത്‌ലഹേം, നസറേത്ത്, യറുശലേം എന്നി പുണ്യ നഗരങ്ങൾ ഈ ഉടമ്പടി മൂലം ക്രൈസ്തവ സഭയ്ക്ക് തിരിച്ചു കിട്ടി.

ഏഴാമത്തെ കുരിശുയുദ്ധം 1248-ൽ ഉണ്ടായി. ഫ്രാൻസിലെ ലൂയി ഒൻപതാമനാണ് ഇതിന് നേതൃത്വം കൊടുത്തത്. ഇദ്ദേഹത്തിന്റെ പടയാളികളെ തുർക്കികൾ അടിമകളായി പിടിച്ച് ഇസ്ലാം മതത്തിൽ ചേർപ്പിക്കുകയുണ്ടായി എട്ടാം കുരിശ് യുദ്ധവും ലൂയി ഒൻപതാമൻ തന്നെ നടത്തി. 1270-ൽ ഉണ്ടായ ഈ യുദ്ധമായിരുന്നു ചരിത്രത്തിലെ അവസാനത്തെ കുരിശു യുദ്ധം.

മുസ്ളീം ആക്രമണം കുറച്ചുനാളത്തേക്ക് തടഞ്ഞുനിർത്തുവാനും ഒട്ടൊക്കെ പുണ്യസ്ഥലങ്ങൾ അവരിൽ നിന്ന് വീണ്ടെടുക്കുവാനും കുരിശുയുദ്ധം സഹായിച്ചു. എ.ഡി. 1270 വരെയും വിശുദ്ധനാട്ടിൽ പലപ്പോഴായി നശിപ്പിക്കപ്പെട്ട സകല പുണ്യ സ്ഥലങ്ങളിലും പള്ളികൾ പുതുക്കി പണിത് മനോഹരമാക്കുകയും വിപുലീകരിക്കുകയും ചെയ്തു. കുരിശു യുദ്ധം കൊണ്ട് യൂറോപ്പിൽ മിഷനറി പ്രവർത്തനത്തിന് താല്പര്യം വർദ്ധിച്ചു. പലസ്തീൻ നാട്ടിലെ വിശുദ്ധ സ്ഥലങ്ങളെപ്പറ്റി നേരിട്ട് അറിയുവാൻ യൂറോപ്പിലെ സാധാരണ ജനങ്ങൾക്കും കഴിഞ്ഞു. കണ്ടറിയുകയും കൊണ്ടറിയുകയും തമ്മിൽ വ്യത്യാസമുണ്ടല്ലോ. യൂറോപ്പിൽ പുതിയ സഭകൾ ഉടലെടുത്തു. ദൈവാലയങ്ങൾ പണിതു. ചൈനയിലും പേർഷ്യയിലും വരെ രക്ഷകനെ സുവിശേഷിക്കുവാനും പുതിയ സഭകൾ സ്ഥാപിതമാക്കുവാനും ഇടയായി. കുരിശു യുദ്ധത്തിൽ പങ്കെടുക്കുന്നവർക്ക് പാപമോചനം പ്രദാനം ചെയ്യുന്ന ഒരു പ്രഖ്യാപനം റോമാ പാപ്പായിൽ നിന്ന് ഉണ്ടായതുമൂലം, പലപ്പോഴായി റോമാ സഭയിൽ നിന്ന് ചെറിയൊരു ശതമാനം പിരിഞ്ഞുപോയി എന്നത് ഈ യുദ്ധം കൊണ്ടുണ്ടായ ഒരു ദോഷഫലമാണെന്ന് സഭാ ചരിത്രകാരന്മാർ വിലയിരുത്തുന്നു.

നിന്റെ ഒരു ചെകിട്ടത്തടിക്കുന്നവനു മറ്റെ ചെകിടു കൂടി കാണിച്ചു കൊടുക്കുവാനും നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുവാനും പഠിപ്പിച്ച യേശുവിന്റെ അനുയായികൾ യുദ്ധത്തിന് ഇറങ്ങിതിരിച്ചത് വിരോധാഭാസമായിതോന്നാം. യേശുക്രിസ്തുവുമായി ബന്ധപ്പെട്ട പുണ്യസ്ഥലങ്ങൾ ഇന്നും ക്രൈസ്തവരുടെ അധീനതയിൽ തന്നെ അവകാശപ്പെട്ടിരിക്കുന്നതിന് പ്രധാന കാരണം, ഈ കുരിശു യുദ്ധം ആയിരുന്നു എന്നു മനസ്സിലാക്കാം. യൂറോപ്പിലെ ക്രൈസ്തവർ കർത്താവിനു വേണ്ടി പത്രോസിനെപ്പോലെ വാളെടുക്കാൻ സന്നദ്ധത പ്രകടിപ്പിച്ചത് ക്രൈസ്തവലോകത്തിന് ഒട്ടും മറക്കാവതല്ല. ഇന്ന് വിശുദ്ധനാട്ടിൽ രണ്ടര ലക്ഷത്തോളം ക്രൈസ്തവരും, മുന്നൂറിലേറെ ക്രൈസ്തവ ദൈവാലയങ്ങളും ഉണ്ട്.

# വാക്കിൽ തെറ്റാത്തവർ സൽഗുണപൂർണ്ണർ

ഫാ. ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി

"അങ്ങനെ തന്നേ നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പു പറയുന്നു. കുറഞ്ഞ തീ എത്ര വലിയ കാടു കാത്തിരിക്കുന്നു; നാവും ഒരു തീ തന്നേ; അതു നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ അനീതി ലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി ജീവചക്രത്തിനു തീ കൊളുത്തുകയും നരകത്താൽ അതിനു തീ പിടിക്കയും ചെയ്യുന്നു." (യാക്കോബ് 3:5,6). നാവിന്റെ തെറ്റായ ഉപയോഗം വലിയ നാശത്തിന് കാരണമാകാം. "അവർ പിറുപിറുപ്പുകാരു തങ്ങളുടെ ഗതിയെക്കുറിച്ചു ആവലാധി പറയുന്നവരുമായി സ്വന്തമോഹങ്ങളെ അനുസരിച്ചു നടക്കുന്നു. അവരുടെ വായ് വമ്പു പറയുന്നു. കാര്യസാദ്ധ്യത്തിനായി അവർ മുഖസ്തുതി പ്രയോഗിക്കുന്നു" (യൂദാ. 1:16). മുഖസ്തുതി വിശുദ്ധന്മാർക്ക് ഉചിതമല്ല.

"എന്നാൽ നിങ്ങൾക്കു ഹൃദയത്തിൽ കൈപ്പുള്ള ഈർഷ്യയും ശാഠ്യവും ഉണ്ടെങ്കിൽ സത്യത്തിനു വിരോധമായി പ്രശംസിക്കയും ഭോഷ്ക്കു പറകയുമരുത്." (യാക്കോബ് 3:14). ആത്മപ്രശംസ പാപമാണ്. ദൈവത്തെക്കാളുപരി ധനത്തിനും സ്ഥാനമാനങ്ങൾക്കും പ്രാധാന്യം കൊടുക്കുന്നവരാണ് സാത്താന്റെ ഇത്തരത്തിലുള്ള തന്ത്രങ്ങളിൽ വീഴുന്നത്. എല്ലാം ദൈവീക ദാനമായിരിക്കേ നമ്മുടെ സ്ഥാനമാനങ്ങളെയോ, കഴിവുകളെയോ, ശുശ്രൂഷകളെയോ കുറിച്ച് വമ്പ് പറയുന്നത് യഥാർത്ഥ ക്രിസ്ത്യാനികൾക്ക് യോജിച്ചതല്ല.

"അങ്ങനെ ആകുന്നു വിശുദ്ധന്മാർക്കു ഉചിതം. ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്കു ഇങ്ങനെ ചേർച്ചയില്ലാത്തവ ഒന്നും അരുതു; സ്തോത്രമത്രേ വേണ്ടതു" (എഫെസ്യർ 5:4) വിശുദ്ധന്മാർ കളിവാക്കുകളും പരദൂഷണങ്ങളും പറയാതെ എപ്പോഴും സ്തോത്രത്തോടെ നടക്കുകയും കേൾക്കുന്നവർക്ക് ആത്മീയോന്നതി വരുത്തുന്നത് മാത്രം സംസാരിക്കുകയും ചെയ്യണം. "ആരെക്കൊണ്ടും ദൂഷണം പറയാതെയും, കലഹിക്കാതെയും, ശാന്തന്മാരായി സകല മനുഷ്യരോടും പൂർണ്ണസൗമ്യത കാണിപ്പാനും അവരെ ഓർമ്മപ്പെടുത്തുക" (തീത്തൊസ് 3:2). കലഹം ദൈവമക്കൾക്ക് യോജിച്ചതല്ല.

"നിങ്ങളെ ഉപദ്രവിക്കുന്നവരെ അനുഗ്രഹിപ്പിൻ; ശപിക്കാതെ അനുഗ്രഹിപ്പിൻ" (റോമർ. 12:14). ഉപദ്രവിക്കുന്നവരെ നാം അനുഗ്രഹിക്കണം ആരെയെങ്കിലും നാം ശപിച്ചിട്ടുണ്ടെങ്കിൽ ശാപം പിൻവലിച്ച യേശുവിന്റെ നാമത്തിൽ നാം അവരെ അനുഗ്രഹിക്കണം. "അതിനാൽ നാം കർത്താവും പിതാവുമായവനെ സ്തുതിക്കുന്നു; ദൈവത്തിന്റെ സാദൃശ്യത്തിൽ ഉണ്ടായ മനുഷ്യരെ അതിനാൽ ശപിക്കുന്നു" (യാക്കോബ്. 3:9). സ്തുതിയും ശാപവും ഒരേ നാവിൽ നിന്ന് പുറപ്പെട്ടാൽ സ്തുതി ഫലരഹിതമാകും. നാം അനുഗ്രഹിക്കുന്നവരാകാൻ വിളിക്കപ്പെട്ടിരിക്കുന്നു.

"മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു; അതിൽ ഇഷ്ടപ്പെടുന്നവർ അതിന്റെ ഫലം അനുഭവിക്കും" (സദൃശ്യവാക്യങ്ങൾ 18:21). ചിലപ്പോൾ നമ്മുടെ ജീവിതങ്ങൾക്ക് കെണികളാകുന്നത് നമ്മെക്കുറിച്ച് നാം തന്നെ പറഞ്ഞ ന്യൂനതാവാക്കുകളോ, തെറ്റായ വാക്കുകളോ ആകാം. നമ്മെക്കുറിച്ച് നുണയനായ സാത്താൻ മനസ്സിൽ പറഞ്ഞു തരുന്ന ന്യൂനതകളുടേയും, ഭയങ്ങളുടേയും, ഉൽക്കണ്ഠകളുടെയും വാക്കുകൾ നാം പറയരുത്. നാം ഒന്നിനെക്കുറിച്ചും ഉത്ക്കണ്ഠപ്പെടേണ്ടതില്ലെന്നും, നാം അവിടുത്തെ രാജ്യവും നീതിയും അന്വേഷിച്ചാൽ മറ്റുള്ളതെല്ലാം ചേർക്കപ്പെടുമെന്നും, നന്മയും കരുണയും നമ്മുടെ പിന്നാലെ വരുമെന്നും, നമുക്ക് മുമ്പേ നമുക്കുള്ള വഴിയൊരുക്കുവാനായി യേശു പോകുന്നുവെന്നും, മരണത്തിന്റെ താഴ്വരയിലൂടെ നടന്നാലും നമുക്ക് ഒന്നും സംഭവിക്കുകയില്ലെന്നും, ദൈവത്തിൽ വിശ്വസിച്ച് ആശ്രയിക്കുന്നവർ സ്വർഗ്ഗത്തിലായാലും ഭൂമിയിലായാലും അവിടുത്തെ സംരക്ഷണ വലയത്തിലാണെന്നും, ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നുവെന്നും, ദൈവവചനം നമ്മോടു പറയുന്നു. സാത്താന്റെ സകല പ്രവൃത്തികളെയും യേശുവിന്റെ നാമത്തിൽ അഴിക്കാനും ഇല്ലാതാക്കുവാനുമുള്ള അധികാരം നമ്മുക്ക് നൽകപ്പെട്ടിരിക്കുന്നുവെന്നും, നമ്മെ ദൈവം ഒരു അനുഗ്രഹമാക്കി മാറ്റുമെന്നും, തങ്ങളുടെ എല്ലാ അവസ്ഥകളിലും ദൈവത്തെ ആശ്രയിച്ചുകൊണ്ടിരിക്കുന്നവർക്കായി ശുഭകരമായ ഭാവി വാഗ്ദാനം ചെയ്യുന്ന ഒരു ദൈവീക പദ്ധതി ഉണ്ടെന്നും, പെറ്റമ്മ മറന്നാലും ദൈവം നമ്മെ മറക്കുകയില്ലെന്നും, നമ്മെ ശക്തരാക്കുന്ന യേശുക്രിസ്തു വഴി നമുക്ക് എല്ലാം ചെയ്യാൻ കഴിയുമെന്നും ദൈവവചനം നമ്മോടു പറയുന്നു. ദൈവമക്കളെക്കുറിച്ച് ദൈവ വചനം എന്തുപറയുന്നു, അതു മാത്രമേ നാം നമ്മെക്കുറിച്ച് പറയാവൂ.

"ഇമ്പമുള്ള വാക്കു തേൻകട്ടയാകുന്നു; മനസ്സിനു മധുരവും അസ്ഥികൾക്കു ഔഷധവും തന്നെ" (സദൃശ്യവാക്യങ്ങൾ 16:24). യേശുവിന്റേതു പോലെയുള്ള ലാവണ്യവാക്കുകൾ മറ്റുള്ളവരെ ശാരീരികമായും മാനസികമായും ആത്മീയമായും പോഷിപ്പിക്കുന്നു. നാം എല്ലാവരും പലതിലും തെറ്റിപ്പോകുന്നു; ഒരു

# കടവിൽ മാർ പൗലോസ് മാർ അത്തനാസ്യോസ് തിരുമേനി

**ഷെവ: പി.കെ.പൗലോസ് കൂരൻ**

കോട്ടയം - അങ്കമാലി ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താ ആയിരുന്ന കടവിൽ കൂരൻ പൗലോസ് മാർ അത്തനാസ്യോസ് തിരുമേനിയുടെ ചരമശതാബ്ദി 2007 നവംബർ 2-ന് ആണ്. ഭരണകർത്താവ്, ബഹുഭാഷാ പണ്ഡിതൻ, ഗ്രന്ഥകർത്താവ് വാഗ്മി, വാസ്തുശില്പി, ആയുർവേദ വിശാരദൻ മല്പാൻ തുടങ്ങി വിവിധ മേഖലകളിൽ തിരുമേനി പ്രഗൽഭനായിരുന്നു. 1833 വൃശ്ചികമാസം 19-ന് വടക്കൻ പറവൂരിലെ പുരാതനവും പ്രശസ്തവും വൈദീക പാരമ്പര്യവുമുള്ള കടവിൽ കൂരൻ കുംടുംബത്തിലെ തിരുമേനി ജനിച്ചത് പിതാവ് കടവിൽ കൂരൻ അവിരാ വർക്കി മാതാവ് പറവൂർ വടക്കേക്കര വട്ടപ്പറമ്പിൽ അന്നം. അങ്കമാലി കൂരൻ മല്പാൻ കുടുംബത്തിലെ ഒരംഗം വടക്കൻ പറവൂർ വന്ന് താമസമാക്കി ആ കുടുംബത്തിലായിരുന്നു തിരുമേനിയുടെ ജനനം.

പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം, ചേപ്പാട്ട്മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും കോറൂയോ പട്ടം ഏറ്റു. പുണ്യശ്ലോകനായ യുയാക്കീം മാർ കുറിലോസ് ബാവ മലങ്കരയിൽ എഴുന്നള്ളിയപ്പോൾ പൗലോസ് ശെമ്മാശനെ തന്റെ സെക്രട്ടറിയും ദ്വിഭാഷയും ആയി നിയമിച്ചു.ഇത് സുറിയാനിയിൽ അഗാധ പാണ്ഡിത്യം നേടാൻ സഹായകമായി. സംസ്കൃതം, തമിഴ്, ഇംഗ്ലീഷ് എന്നീ ഭാഷകളിലും നല്ല പാണ്ഡിത്യം ഉണ്ടായിരുന്നു. 1029 മകരം 6-ന് തന്റെ 21-ാമത്തെ വയസ്സിൽ മാർ കൂറിലോസ് ബാവയിൽ നിന്നും കശ്ശീശ സ്ഥാനം ഏറ്റു. തുടർന്ന് വടക്കൻ പറവൂർ സെന്റ് തോമസ് പള്ളിയിൽ താമസിച്ച് ശെമ്മശന്മാരെ പഠിപ്പിച്ചു കൊണ്ടിരുന്നു. കോട്ടയം പഴയ സെമിനാരിയിലെ പ്രധാന മല്പാനായിരുന്നു.

പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ പരി.പാത്രിയർക്കീസ് ബാവയോട് മറുതലിച്ച് സഭയിൽ പ്രതിസന്ധി ഉണ്ടായപ്പോൾ പ്രശ്നം പരിഹാരിക്കുവാൻ വൈദീകസെമിനാരി ഭാരവാഹികൾപൗലോസ് മല്പാനോട് ആവശ്യപ്പെടുകയുണ്ടായി. പരി. പത്രോസ് തൃദീയൻ പാത്രിയർക്കീസു ബാവയുമായി ആലോചിച്ച് സമാധാനത്തിനുള്ള തീരുമാനങ്ങളുമായി തിരിച്ചു വന്നപ്പോൾ പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ മുൻനിലപാടുകളിൽ നിന്നും മാറിയതിനാൽ ആ ശ്രമം പരാജയപ്പെട്ടു.

മുളംന്തുരുത്തി സുന്നഹദോസിനെ തുടർന്ന് പുതിയതായി ആറ് മെത്രാപ്പോലീത്താമാരെ വാഴിക്കുവാൻ തീരുമാനിച്ചു. അതനുസരിച്ച് വടക്കൻ പറവൂർ സെന്റ് തോമസ് പള്ളിയിൽ വച്ച് 1052 വൃശ്ചികം 21-ന് പരി. പത്രോസ് തൃദീയൻ പാത്രിയർക്കീസ് ബാവയുടെ മലയാളത്തിലെ പ്രതിപുരുഷൻ എന്ന പ്രത്യേക സ്ഥാനം സ്ഥാത്തിക്കോനിൽ പരി. പിതാവ് ഇദ്ദേഹത്തിനു നൽകിയിരുന്നു. സർക്കാരിലേക്കും മറ്റു ഉന്നത സ്ഥാനങ്ങളിലേക്കും അയ്ക്കുന്ന പരി. പിതാവിന്റെ ക്തതുകൾ മാർ അത്തനാസ്യോസ് തിരുമേനി മുഖേനയെ അയക്കാവൂ എന്നും സ്ഥാത്തിക്കോനിൽ പറഞ്ഞിരുന്നു. തിരുമേനി ശെമ്മാശനായിരുന്നപ്പോൾ തന്നെ കോനാട്ടു മല്പന്റെ ഗ്രന്ഥശേഖരത്തിൽ ഉണ്ടായിരുന്ന സുറിയാനി പുസ്തകങ്ങൾ എല്ലാം തന്നെ വായിച്ചിട്ടുണ്ട്.

പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനാസ്യോസ് ഉയർത്തിയ നവീകരണത്തിന്റെ കാറ്റ് കോട്ടയം ഭദ്രാസനത്തിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചപ്പോൾ വിശ്വാസികളെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചു നിറുത്തുവാൻ തിരുമേനി വലരെയേറെ പ്രയത്നിച്ചു.

മണർകാട് കരോട്ടെ പള്ളി സ്വന്തം പ്ലാനിൽ തിരുമേനി നേരിട്ടു പോയിരുന്നു പണി കഴിപ്പിച്ചതാണ്. കല്ലുങ്കത്ര, കുമരകം, വെളിയനാട് എന്നി പള്ളികൾ സ്ഥാപിച്ചതും തിരുമേനിയാണ്.

പരി. പാത്രീയർക്കീസ് ബാവയുടെ കല്പന പ്രകാരം തിരുമേനി 1064-ൽ കോട്ടയം പഴയ സെമിനാരിയിൽ വെച്ച് ഗോവയ്ക്ക് വേണ്ടി ഫാ: അൾവാറീസ് എന്ന കത്തോലിക്കാ വൈദീകനെ മാർ ഈവാനിയോസ്, പരിശുദ്ധ മാർ ഗ്രീഗോറിയോസ് എന്നീ തിരുമേനിമാരുടെ സഹകരണത്തോട് മാർ യൂലിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആയി വാഴിച്ചു. പരി. പരുമല ഗിവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ സഹകരണത്തോടെ തിരുമേനി സിലോണിൽവെച്ച് ഫാ: റിനിവിലാത്തി എന്ന കത്തോലിക്ക വൈദീകനെ മാർ തീമോത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആയി വാഴിച്ചു.

അങ്കമാലി ഭദ്രാസനമെത്രാപ്പോലീത്താ ആയിരുന്ന അമ്പാട്ട് ഗീവറുഗീസ് മാർ കൂറിലോസ് തിരുമേനി കാലം ചെയ്തതിനെ തുടർന്ന് അങ്കമാലി ഭദ്രാസനത്തിന്റെ ചുമതലകൂടി പരി. പാത്രിയർക്കീസ് ബാവയുടെ കല്പന പ്രകാരം തിരുമേനി ഏറ്റെടുത്തു. കോതമംഗലം മാർത്തോമൻ ചെറിയ പള്ളി ഉൾപ്പെടെ പല പള്ളികളുടെയും ക്ദൂശ് കുദീശിന് തിരുമേനി സ്വയം രൂപ കല്പന ചെയ്ത് നേരിട്ടു പണി കഴിപ്പിച്ചിട്ടുള്ളതാണ്. തിരുമേനിയുടെ പ്രസംഗം സർവ്വരുടെയും മുക്തകണ്ഠമായ പ്രശംസയ്ക്ക് പാത്രമായിട്ടുണ്ട്. തിരുവിതാംകൂർ മഹാരാജാവ് തിരുമനസിലേക്ക് ജി.എസ്സ.ഐ. എന്ന ബഹുമതി സ്ഥാനം നൽകുകയുണ്ടായി.

തുടർച്ച 15-ാം പേജിൽ

ത്തൻ വാക്കിൽ തെറ്റാതിരുന്നാൽ അവൻ ശരീരത്തെ മുഴുവൻ കടിഞ്ഞാണിട്ടു നടത്തുവാൻ ശക്തനായി സൽഗുണപൂർത്തിയുള്ള പുരുഷൻ ആകുന്നു (യാക്കോബ് 3:2). ചെറിയ ചുക്കാൻ കപ്പലിനെ നിയന്ത്രിക്കുന്നതുപോലെ, വാക്കുകളെ നിയന്ത്രിക്കുവാൻ പഠിച്ചവർക്ക് എല്ലാം നിയന്ത്രിക്കുവാൻ കഴിയും. വാക്കിൽ തെറ്റാത്തവർ സൽഗുണപൂർണ്ണർ ആകുന്നു.

**കണ്ണാണ് ശരീരത്തിന്റെ വിളക്ക്**

"ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതു എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു; ദൈവേഷ്ടം ചെയ്യുവാനോ എന്നേക്കും ഇരിക്കുന്നു" (1 യോഹ. 2:16,17). കൺമോഹം ദൈവേഷ്ടമല്ല. തെറ്റായ ടി.വി. പരിപാടികൾ, ചിത്രങ്ങൾ മുതലായവ രണ്ടാമത് നോക്കിയാൽ, അത് പാപത്തിലേക്ക് നയിക്കാം. ശുശ്രൂകന്മാരുടെ വീഴ്ചയ്ക്ക് അവരുടെ നാവും കണ്ണുകളും കാരണമായേക്കാം. ടി.വി. ഭ്രാന്ത് ആത്മാഭിഷേകം തകർക്കും. "ശരീരത്തിന്റെ വിളക്കു കണ്ണാകുന്നു; കണ്ണു ചൊവ്വുള്ളതെങ്കിൽ ശരീരം മുഴുവനും പ്രകാശിതമായിരിക്കും; ദോഷമുള്ളതാകിലോ ശരീരവും ഇരുട്ടുള്ളതും തന്നേ" (ലൂക്കോസ് 11:34). കണ്ണു ദോഷമുള്ളതായാൽ നമ്മിലുള്ള പ്രകാശം മങ്ങിപ്പോകും.



ധ്യാനപംക്തി

# ദനഹാ

## നമ്മുടെ കർത്താവിന്റെ മാമോദിസാ പെരുന്നാൾ (ജനു 6)



മാർക്കോസ് 1:1-11; യോഹ.4:4-42; മത്തായി 3:1-17; ലൂക്കോ 3:15-22

കർത്താവിന്റെ മാമോദിസായോടുകൂടെയാണ് തന്റെ ഉദയം. മ്ശിഹാ പിതാവിനാൽ സാക്ഷീകരിക്കപ്പെട്ട് പരിശുദ്ധാത്മാവ് പ്രാവിന്റെ സദൃശത്തിൽ തന്റെ മേൽ ഇറങ്ങി വന്നിരിക്കുന്ന മുഹൂർത്തം. ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്ന് ശബ്ദമുണ്ടായി. അവിടെയാണ് പുത്രന്റെ ഉദയം (ദനഹ). 'ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു' (യോഹ 8:12) എന്ന് കർത്താവ് അവകാശപ്പെടുന്നു.

യോഹന്നാൻ തന്നെ കർത്താവിനേക്കുറിച്ച് സാക്ഷിക്കുന്നത്: ഞാനോ നിങ്ങളെ വെള്ളം കൊണ്ട് മാമോദിസാ മുക്കുന്നു. എന്റെ പിന്നാലെ വരുന്നവർ എന്നേക്കാൾ ശക്തിയേറിയവനാകുന്നു. അവൻ നിങ്ങളെ ആത്മാവു കൊണ്ടും മാമോദിസാ മുക്കുംഎന്നത്രെ. കർത്താവ് മാമോദിസാ മുങ്ങുവാനായി യോഹന്നാന്റെ മുമ്പിൽ ചെന്നു നിന്നപ്പോൾ യോഹന്നാൻ തടസ്സം പറഞ്ഞു: "നീ എന്നെയാണ്, ഞാൻ നിന്നെയല്ലമാമോദിസാ മുക്കേണ്ടത്" എന്നു കർത്താവ് പറയുന്നു: " സകല നീതിയും നിവർത്തിയാകേണ്ടതിന്, നീ ഇപ്പോൾ സമ്മതിക്ക" എന്ന്. മൂശയും അഹറോനും കൈകൊണ്ട ആചാര്യത്വത്തിന്റെ പിന്തുടർച്ച യോഹന്നാനിൽ നിന്ന് കർത്താവ് പ്രാപിക്കേണ്ടത് നീതിയായിരുന്നു. യഹൂദ മതാചാര പ്രകാരം താൻ ചേലാകർമ്മമേറ്റതുപോലെ എല്ലാവരും മുങ്ങുന്ന മാമോദിസാ താനും ഏല്ക്കുകയെന്ന നീതി നിറവേറ്റണമല്ലൊ. മറ്റുള്ളവർക്ക് പാപങ്ങൾ ഏറ്റു പറയാനാണ്ടായിരിക്കും. കർത്താവിന് അതില്ല. പക്ഷെ കർത്താവ് ആദാം മുതലുള്ള സകല മനുഷ്യരുടേയും പാപം തന്നിൽ തന്നെ പേറിക്കൊണ്ട് എല്ലാവർക്കു വേണ്ടി മാമോദിസാ മുങ്ങുകയായിരുന്നു. ആദാമ്യ വംശത്തെ രക്ഷിപ്പാൻ കർത്താവ് കുരിശിൽ മരിക്കുന്നതും അതു തന്നെ. കൈസർക്കു കരം കൊടുക്കുകയോ തല വരിപണം കൊടുക്കുകയോ ഏതെല്ലാം ചെയ്യണം, അതിനെല്ലാം താൻ തയ്യാറാണ്. ഇന്ന് നിയമങ്ങളേയും നീതികളേയും ഒഴിഞ്ഞുമാറാനാണ് നമ്മളിൽ പലരും നോക്കുന്നത്. കർത്താവാകട്ടെ തലവരിപണം സ്വന്തം നാട്ടുകാർ കൊടുക്കേണ്ടതില്ലെങ്കിലും കൊടുക്കുന്നു. മാമോദിസാ തനിക്കാവശ്യമില്ലെങ്കിലും മുങ്ങുന്നു. സർവ്വ കൃപകളുടേയും ഉറവിടമായ തനിക്ക് മാമോദിസാ എന്തിന്? ആവശ്യമില്ല. എങ്കിലും നിയമത്തെ ഒഴിഞ്ഞുമാറാതെ വഴങ്ങി നമുക്ക് നല്ലൊരു മാതൃക കാണിച്ചു തന്നു.

ആചാര്യന്മാരുടെ കൈവെപ്പിന്റെ പിൻതുടർച്ചയുടെ ആവശ്യം പ്രാധാന്യവും കർത്താവ് സ്വന്ത ഉദാഹരണത്താൽ കാണിച്ചു തരികയാണ്. സുറിയാനി സഭ അതിന് വളരെ പ്രാധാന്യം കൊടുക്കുന്നുമുണ്ട്.

സൃഷ്ടാവ് സൃഷ്ടിയുടെ മുമ്പിൽ തല കുനിച്ച് നില്ക്കുന്നതുകണ്ട് സ്വർഗ്ഗീയ സൈന്യങ്ങൾ അത്ഭുതം കൂറിക്കൊണ്ട് ആകാശത്തിൽ നിരന്നു നിൽക്കുന്നു. യോർദാൻ നദി വിറച്ച് പിറകോട്ട് മാറുന്നു. ജലം, താനെ ചൂടാകുന്നു, അതിലെ അശുദ്ധാത്മാക്കൾ വിവശരായി പതിക്കുന്നു. യോഹന്നാൻ സംഭ്രമിക്കുന്നു. കർത്താവ് കല്പിച്ചതിനാൽ സമ്മതിച്ചു അവൻ മാമോദീസാ നടത്തി. വിശുദ്ധാത്മാവ് പ്രാവിന്റെ സദൃശത്തിൽ കർത്താവിന്റെ മേൽ ഇറങ്ങുന്നതു യോഹന്നാൻ സ്പഷ്ടമായി കണ്ടു. ഇവനെന്റെ പ്രിയ പുത്രൻ എന്നിത്യാദി പിതാവിന്റെ ശബ്ദവും യോഹന്നാൻ കേട്ടു. അവിടെ വളരെപേർ കൂടി നിന്നിരുന്നു. അവർ ശബ്ദം കേട്ടിട്ട് ഇടിമുഴക്കമുണ്ടായി എന്നു പറഞ്ഞു. ദൈവത്തിന്റെ ശബ്ദം കേട്ടാൽ തിരിച്ചറിയാൻ ആത്മീക ബോധമുള്ള ആന്തരിക ചെവികൾ വേണം. പരിശുദ്ധാത്മാവു പ്രാവുപോലെ ഇറങ്ങുന്നതു കാണാനും ആത്മീക കണ്ണുകൾ വേണം. യോഹന്നാന് അവയുണ്ടായിരുന്നു. അവൻ ഭക്തനും, താപസനും, പുണ്യവാനുമായിരുന്നു. അമ്മയുടെ വയറ്റിൽ വച്ചു തന്നെ പരിശുദ്ധാത്മാവിനാൽ അഭിഷേകം പ്രാപിച്ച് തുള്ളിയവനാണ്.

ഇവിടെ പിതാവ്, പരിശുദ്ധാത്മാവ്, പുത്രൻ എന്നിങ്ങനെ മൂന്ന് ആളത്വങ്ങൾ വെളിപ്പെടുന്നു. ഏകത്വത്തിൽ ത്രിത്വത്തേക്കുറിച്ച് ഒരു സ്പഷ്ടമായ ധാരണ നമുക്കു ലഭിക്കുന്ന ഇതുപോലൊരു സന്ദർഭം വേറെ വേദപുസ്തകത്തിൽ കാണുകയില്ല.

നമ്മളും പരിശുദ്ധാത്മാവിനെ വി. മാമോദിസായിൽ അദൃശ്യമായിട്ടെങ്കിലും പ്രാപിക്കുന്നുണ്ട്. ആ വിശുദ്ധാത്മാവ് നമ്മിൽ ഞെരുങ്ങുവാനും സങ്കടപ്പെടുവാനും ഇടയാകാതെ നമ്മൾ കരുതി ജീവിക്കണം. അശുദ്ധമായും അഴിമതിയായും നമ്മിൽ നിന്നെടുത്തുകളയപ്പെടുകയും ചെയ്യും. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്നെടുത്തു കളയരുതെ എന്ന് ദാവീദ് സങ്കീർത്തനത്തിൽ (51:11) പറഞ്ഞിരിക്കുന്നല്ലോ. യോഗ്യരായി നമ്മൾ ജീവിച്ചാലോ, അവൻ നമ്മിൽ നിന്ന് നല്ല ഫലം പുറപ്പെടുവിക്കും, നമുക്കുവേണ്ടി പ്രതിവാദിക്കുകയും ചെയ്യും. (മർക്കൊ. 13:11). എന്തു പറയേണ്ടു എന്ന് നമ്മൾ വിചാരപ്പെടേണ്ടി വരികയില്ല. കർത്താവു നൽകുന്ന ജലം അതാണ്. അത് നാം പാനം ചെയ്താൽ നമ്മിൽ അത് ജീവനെ പുറപ്പെടുവിക്കുന്ന ഉറവിടമായിത്തീരും.

ശൊമറിൻ കാരിയോടു കർത്താവ് അതു പറയുന്നുണ്ട്. അവൾ ദുർമാർഗ്ഗിയായിരുന്നു. അവൾ അ

ഞ്ചു പുരുഷന്മാരെ ഭർത്താക്കന്മാരെപ്പോലെ സ്വീകരിച്ചു. അവർ അവളുടെ ഭർത്താക്കന്മാരല്ലായിരുന്നു താനും. കർത്താവ് അവളെ നേടുവാനും പാപ ജീവിതത്തിൽ നിന്ന് തിരിപ്പിക്കാനുമായിരുന്നു ആ കിണറ്റിനരുകിൽ അവൾ വെള്ളം കോരുന്ന സന്ദർഭം നോക്കി വന്നിരുന്നത്. ഉച്ച കഴിഞ്ഞ് അധികമാരും പുറത്തിറങ്ങി സഞ്ചരിക്കാറില്ലാത്ത സമത്താണ് അവൾ വെള്ളം കോരുന്നതിന്റെ പേരിൽ ആ കിണറ്റിനരുകിൽ പോകാറുള്ളത്. അവിടെ അവളുടെ ജാരന്മാരെ കണ്ടുമുട്ടാൻ സൗകര്യമാണെന്ന് അവൾ കരുതിയിരിക്കണം.

ആ സമയത്ത് അവിടെ ചെന്നാൽ അവളെ സൗകര്യമായി കണ്ടുമുട്ടി അവളെ നേടാമെന്ന് യേശു തമ്പുരാൻ കണക്കാക്കിയിരിക്കണം, അവളോടു കുടിപ്പാൻ ചോദിച്ച് അവളുടെ ശ്രദ്ധയെ ആകർഷിച്ചു ശൊമറിൻകാരോട് യഹൂദന്മാർ പച്ചവെള്ളം പോലും വാങ്ങി കുടിക്കാറില്ലായിരുന്നു. അവൾ ആ കാര്യം പറഞ്ഞു. കർത്താവ് ജീവജലം വാഗ്ദാനം ചെയ്യുന്നു, അവൾ അതു ചോദിക്കുന്നു. നീ നിന്റെ ഭർത്താവിനെ വിളിച്ചുകൊണ്ടു വരിക എന്നു പറഞ്ഞു. എനിക്ക് ഭർത്താവില്ല എന്നവൾ പറഞ്ഞപ്പോൾ നീ പറഞ്ഞതു ശരി, നീ അഞ്ചുപേരെ ഭർത്താവായി സ്വീകരിച്ചു കഴിഞ്ഞു. ഇപ്പോഴുള്ളവനും നിന്റെ ഭർത്താവല്ല. എന്നു പറഞ്ഞ് അവളെ അത്ഭുതപ്പെടുത്തി. അവൾക്ക് അപ്പോഴാണ് താൻ സംസാരിക്കുന്നത് അമാനുഷികമായ ജ്ഞാനമുള്ള ഒരാളോടാണെന്ന് മനസ്സിലായത്. അവൾ പട്ടണത്തിൽ ചെന്ന് ജനങ്ങളോട് ഞാൻ ചെയ്തിട്ടുള്ള സകലതും എന്നോടു പറഞ്ഞ ഒരുവനെ നിങ്ങൾ വന്നു കാണുവീൻ, പക്ഷെ അവൻ മശിഹാ ആയിരിക്കുമോ? എന്നു പറഞ്ഞു. ജനങ്ങൾ കൂട്ടമായി യേശുവിനെ വന്നു കണ്ടു. വളരെ ശൊമറീൻകാർ അവനിൽ വിശ്വസിച്ചു. അവർ നേരിട്ട് യേശുവിൽ നിന്ന് കേട്ടു. അവർ അവളോട് : ഇനി നിന്റെ വാക്കു നിമിത്തമല്ല, ഞങ്ങൾ അവനിൽ വിശ്വസിക്കുന്നത്, ഞങ്ങൾ തന്നെ കാണുകയും കേൾക്കുകയും ചെയ്തിരിക്കുന്നു, എന്നു പറഞ്ഞു.

ഇന്നു വെള്ളം വാഴ്വിന്റെ ശുശ്രൂഷ നടത്തുകയുണ്ടായല്ലോ. വെള്ളം പാത്രത്തിലെടുത്തുകൊണ്ട് പ്രദക്ഷിണം ചെയ്യുന്നത് യൂർദ്ദനോൻ നദിയുടെ പ്രവാഹത്തെ സൂചിപ്പിക്കുന്നു. അതും അത് വഹിക്കുന്നയാളുടെ മുഖവും മൂടപ്പെട്ടിരിക്കുന്നത് പഴയ നിയമത്തിൽ എല്ലാം നിഗൂഡമായും മറവായും ദൃഷ്ടാന്ത പരമായും സ്ഥിതി ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു. മൂടിയിരിക്കുന്ന ശോശപ്പാ എടുത്തു മാറ്റുന്നതിനാൽ നിഗൂഡമായിരിക്കുന്നത് കർത്താവിന്റെ വരവു മൂലം വെളിവായി എന്നും മാമോദീസായാൽ കർത്താവ് ഉദിച്ചുയെന്നും സൂചിപ്പിക്കുന്നു.

യോർദ്ദാൻ നദി ശക്തിയായി ഊക്കോട് ഒഴുകുന്നു. കർത്താവ് മാമോദീസാ മുങ്ങിയ കടവ് എന്ന് അറിയപ്പെടുന്ന സ്ഥാനത്തു ഭയങ്കര ഒഴുക്കാണ്. കർത്തവിന്റെ കാലത്തങ്ങിനെ അല്ലായിരുന്നിരിക്കാം. വെള്ളം കയ്യിൽ കോരി എടുത്താൽ കലങ്ങിയിരിക്കുന്നു. അവിടെ സമീപമായി കരയിൽ ഒരു ചെറിയ പന്തൽ വച്ചു കെട്ടി യോർദ്ദാൻ നദിയിലെ വെള്ളം കുപ്പികളിലാക്കി പല വലിപ്പത്തിൽ വിൽക്കുന്നുണ്ട്. അത് തെളിച്ചെടുത്ത വെള്ളമാണ്. ആ വെള്ളം പലരും നമ്മുടെ നാട്ടിൽ കൊണ്ടുവന്ന് കുട്ടികളെ മാമദീസാ മുക്കാൻ ഉപയോഗിക്കുന്നുമുണ്ട്.

ഇന്ന് ഇവിടെ കർത്താവിന്റെ മാമോദീസായുടെ സാദൃശ്യത്തിൽ വാഴ്ത്തപ്പെട്ട വെള്ളം ഒഴിച്ച് നാം ചെറിയ മരക്കുരിശ് മാമോദീസാ തൊട്ടിയിൽ വച്ച് കുളിപ്പിക്കുകയാണ്. ആ സ്നാനത്തിന്റെ ബഹുമാനാർത്ഥം മാമോദീസാ തൊട്ടിയിൽ അതിനുശേഷം ഒരാൺ കുട്ടിയെ വേണം ആദ്യമായി മാമോദീസാ മുക്കാൻ. ദനഹായുടെ വാഴ്ത്തപ്പെട്ട വെള്ളം എല്ലാവരും കുടിച്ച് അനുഗ്രഹം പ്രാപിച്ചു പോകാം. ദനഹായുടെ വെള്ളം ഇവിടെ മദ്ബഹായിൽ സൂക്ഷിച്ചു വച്ചിരിക്കും. അത്യാവശ്യങ്ങൾ വരുമ്പോൾ, പ്രസവവേദനയനുഭവിക്കുന്നവർക്കോ രോഗികൾക്കോ അതിൽ നിന്ന് കൊടുക്കാവുന്നതാണ്. ആ വെള്ളം വാഴ്ത്തപ്പെട്ടതും വിശുദ്ധവുമാണ്. അത് പലർക്കും അത്ഭുതകരമായ ഗുണം ചെയ്യാറുണ്ട്. നിങ്ങൾ വേറെ കുറടച്ചു വെള്ളം നല്ലപോലെ അരിച്ചും, തെളിച്ചു ഊറ്റിയും ഒരു പാത്രത്തിൽ വച്ച് സൂക്ഷിച് നോക്കുക, കുറച്ചു ദിവസം കഴിയുമ്പോൾ കൃമിയും അഴുക്കായും പോകുന്നതു കാണാം. എന്നാൽ വാഴ്ത്തപ്പെട്ട ദഹനാ വെള്ളം അടുത്ത ദഹനാ പെരുന്നാൾ വരെ ഇരുന്നാലും യാതൊരു ദൂഷ്യവും പറ്റാതെയിരിക്കുന്നുണ്ടല്ലോ. അതു തന്നെ ഒരു അത്ഭുതമല്ലേ?

കർത്താവിന്റെ ജ്ഞാനസ്നാന പെരുന്നാളിൽ സംബന്ധിക്കുവാൻ വന്നവരായ നിങ്ങളെ ദൈവം തമ്പുരാൻ അനുഗ്രഹിക്കുകയും നിങ്ങളിൽ നിന്ന് വിശുദ്ധാത്മാവിന്റെ അനുഗ്രഹം മൂലം ജീവ ജലം പ്രവചിക്കുവാനിടയാകുകയും ചെയ്യട്ടെ.

### യോഹന്നാൻ മാംദാനായുടെ ശിരഛേദനപ്പെരുന്നാൾ (ജനുവരി 7)

തിബേറിയോസ് കൈസറിന്റെ വാഴ്ചയുടെ പതിനഞ്ചാം കൊല്ലം, ഹെറോദോസ് ഗലീലയിൽ തെത്രാർക്കായി വാഴുകയും, അവന്റെ സഹോദരൻ ഫിലിപ്പോസ് ഇത്തൂറിയാ പ്രസംഗിച്ചു കൊണ്ടിരുന്നു. ഫിലിപ്പോസിന്റെ ഭാര്യയായ ഹെരോദിയായെ സഹോദരനായ ഹെറോദാസ് പരിഗ്രഹിച്ചു. അത് തെറ്റാണെന്ന് യോഹന്നാൻ അവനോടു പറഞ്ഞു. യോഹന്നാനെ ഒരു പ്രവാചകനായി ജനം ഗണിച്ചുപോന്നിരുന്നതിനാൽ അവനെ ഒടുക്കിക്കളവാൻ ഹെറോദോസ് ഭയന്ന് അവനെ തടവിൽ പാർപ്പിച്ചു.

അങ്ങനെയിരിക്ക ഹെറോദേസിന്റെ പിറന്നാൾവന്നു. അയാൾ നാടുവാഴികളേയും പ്രധാനന്മാരേയും ക്ഷണിച്ചുവരുത്തി വിരുന്നു സൽക്കാരം നടത്തി. അന്ന് വിരുന്നുകാരുടെ മുമ്പാകെ ഹെറോദ്യായുടെ പുത്രിനൃത്തം ചെയ്തു. അത് രാജാവിനും വിരുന്നു

കാർക്കും വളരെ ഇഷ്ടപ്പെട്ടു. അപ്പോൾ രാജാവു അവളോടു നീ എന്തു ചോദിച്ചാലും, രാജ്യത്തിൽ പകുതിപോലും, നിനക്കുതരാം എന്ന് ആണയിട്ടു വാക്കു പറഞ്ഞു. അവൾ ചെന്ന് അമ്മയുടെ ആലോചന ചോദിച്ച് യോഹന്നാൻ സ്നാപകന്റെ തല തളികയിലാക്കി ഇപ്പോൾ ആണയും, അതുകേട്ടുകൊണ്ടിരുന്ന മാന്യഅതിഥികളേയും ഓർത്തിട്ട് വാൾക്കാരനെ അയച്ച് ഉടൻ തന്നെ അതുകൊണ്ടുവരിച്ചുകൊടുത്തു. അവൾ അത് അമ്മയ്ക്കുകൊണ്ടു പോയി കൊടുത്തു. യോഹന്നാന്റെ ശിഷ്യന്മാർ തടവിൽ നിന്ന് അവന്റെ ശരീരം കൊണ്ടുപോയി അടക്കി. ഇതാണ് ചരിത്ര സംഭവം.

ഈ സംഭവത്തോടനുബന്ധിച്ച് വേദപുസ്തകത്തിൽ പറഞ്ഞിട്ടില്ലാത്തതും എന്നാൽ അതിനോടു യോജിക്കുന്നതുമായി പലകഥകളും ഐതീഹ്യങ്ങളും ഉണ്ടായിട്ടുണ്ട്. അതിൽ ചിലത് ഞാൻ പറയാം. ഹോരോദ്യ വേശ്യയായിരുന്നു. ഹോരോദാവിനെ അവൾ വശീകരിച്ച് പാപത്തിലാക്കി. അപ്രകാരം തടവിൽകിടന്ന തീഷ്മബ്രഹ്മചാരിയായ യോഹന്നാനെ അവൾ സമീപിച്ചു നോക്കി. ഹെരോദാവിനെക്കുറിച്ചും ഹെരോദ്യയെക്കുറിച്ചുമുള്ള ആരോപമത്തെക്കുറിച്ച് യോഹന്നാൻ ഖേദം പ്രകടിപ്പിച്ചില്ല, ഹെരോദ്യായുടെ സ്പർശനത്തിന് സമ്മതിച്ചുമില്ല. അവന്റെ തല തളികയിലാക്കി മോൾ കൊണ്ടുവന്നു കൊടുത്തത് വാങ്ങിയിട്ട് ആ പാതകി മുഖത്ത് ചുംബിച്ച് അവളുടെ മോഹം അല്പമെങ്കിലും നിറവേറ്റിയത്രെ.

യോഹന്നാന്റെ തല അടക്കം ചെയ്തിരിക്കുന്ന കൂബർ സ്ഥിതിചെയ്യുന്ന മഹാവലിയ ദേവാലയം ഇന്ന് ഒമയ്യാത്ത്,, എന്നറിയപ്പെടുന്നു. അത് ദമസ്കോസ് പട്ടണത്തിൽ മഹമ്മദീയരുടെ കൈവശമാണ്. ആ കബറിനെ അവർ യാഹ്യായുടെ കബർ എന്നു പറയുന്നു. അവിടെ ഞാൻ ചെന്നുകണ്ടു പ്രാർത്ഥിച്ചുപോന്നു. കബർ മുറി സ്വർണ്ണവും വെള്ളിയും കൊണ്ടുതിളങ്ങുന്നു.

ഹെരോദാ രാജാവിന്റെ പിറന്നാൾ വീണ്ടും വന്നു. അപ്പോൾ സൽക്കാരങ്ങൾക്കു രംഗമൊരുക്കിയ കൂട്ടത്തിൽ ഉറഞ്ഞുകിടന്ന ആറ്റിലെ വെള്ളത്തിൻമീതെ ഹെരോദിയായുടെ പുത്രിയുടെ നൃത്തവും ഒരു പരിപാടിയായിരുന്നു. വിരുന്നുകാരെല്ലാവരും കൗതുകപൂർവ്വം പുത്രിയുടെ നൃത്തവും ഒരു പരിപാടിയായിരുന്നു. വിരുന്നുകാരെല്ലാവരും കൗതുകപൂർവ്വം വീക്ഷിച്ചുകൊണ്ടിരുന്നു. നൃത്തം കണ്ട് സന്തോഷിച്ച് അഭിനന്ദനങ്ങൾ ഉയർന്നു. അപ്പോൾ ഉറഞ്ഞു കിടന്ന മഞ്ഞു കട്ടിയുടെ നിരപ്പിൽ പെട്ടെന്നൊരു പിളർപ്പുണ്ടായി. അതിൽ കൂടി ഒരു വലിയ മത്സ്യം ചാടി മഞ്ഞു കട്ടിയുടെ മീതെ വീണു. അത് രണ്ടു ചാട്ടത്തിന് നൃത്തം ചെയ്യാതാടികൊണ്ടിരുന്ന കുമാരിയുടെ ചാഞ്ഞു വന്ന തലയ്ക്കു കടന്നു പിടിച്ചു. തല വിഴുങ്ങിക്കൊണ്ട് അത് മഞ്ഞു കട്ടിയുടെ പിളർപ്പിലേക്കു തന്നെ തിരികെ ചാടിയിറങ്ങി. കുമാരിയുടെ ഉടൽ മുകളിൽ കാണാം. രാജാവും പരിവാരങ്ങളും മുറവിളിച്ചു പിടിച്ചോ, പിടിച്ചോ എന്നായി കുമാരിയുടെ കാലുകളിൽ ചിലർ കടന്നു പിടിച്ചു വെള്ളത്തിലായ മത്സ്യം തല വിഴുങ്ങിയിട്ട് കീഴോട്ട് വലിച്ചു. അങ്ങോട്ടുമില്ല, ഇങ്ങോട്ടുമില്ല എന്ന നിലയായി. കിട്ടുന്നിടത്തോളം എടുത്തോളു എന്നായി ആജ്ഞ. യോഹന്നാന്റെ തല മുറിച്ച വാൾക്കാരൻ അപ്പോഴും അവിടെയുണ്ടായിരുന്നു. കഴുത്തു മുറിച്ച് ഉടൽ മുകളിലേക്ക് എടുക്കാനായി രാജ കല്പന. അയാൾ തന്നെ ആ വാൾ കൊണ്ടു തന്നെ അതു ചെയ്തു. ഉടൽ ഹെരോദ്യായ്ക്കു കൊടുത്തുവത്രം. ആഹ്ലാദരംഗം വിലാപരംഗമായി മാറി. ദൈവത്തിന്റെ വിധി നടന്നു അതാർക്കും തടയാനാവില്ല.

യോഹന്നാനു സത്യം പറയുന്നതിൽ ഭയമില്ലാത്തവനായിരുന്നു. തെറ്റു ചെയ്താൽ സധൈര്യം അതിനുനേരെ വിരൽ ചൂണ്ടി അതു തെറ്റാണെന്നു തന്നെ പറയും. അതിനു ലോകം അന്നും ഇന്നും കൊടുക്കുന്ന സമ്മാനം ശരി തന്നെയാണ് സത്യം പറഞ്ഞു തെറ്റിനു നേരെ വിരൽചൂണ്ടിയതിന് തടവുശിക്ഷയാണ് ലോകം തരുന്നത്. ഇന്നും പല യോഹന്നാൻ മാർ അതുപോലെ തടവിലാണ്. ചിലരുടെ തല തളികയിലാക്കി കൊടുത്തു കഴിഞ്ഞു. ചിലർ അതിനു കാത്തു കിടക്കുകയാണ്. അവർക്ക് ഈ ലോകം സാരമില്ല.

കർത്താവിനേക്കാൾ ആറു മാസം മുമ്പ് ലോകത്തിലേക്കുവന്ന മുന്നോടിയാണ് യോഹന്നാൻ. സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാൻ മാംദാനായേക്കാൾ വലിയവനല്ല. എന്നാൽ സ്വർഗ്ഗത്തിൽ ഏറ്റവും ചെറിയവൻ (പുത്രൻ തമ്പുരാൻ) അവനേക്കാൾ വലിയവനാണ്. (11:11) അവൻ ഇതാ കർത്താവിനേക്കാൾ ആറു മാസം മുമ്പേ പാതാളത്തിലേക്കും മുന്നോടിയായി പോകയാണ്. അവിടെ കാത്തു കിടന്ന പരേതരുടെ ആത്മാക്കളോടു അവൻ സുവിശേഷിക്കുകയാണ്. എന്റെ പിന്നാലെ ഒരുവൻ വരുന്നു, അവൻ എന്നേക്കാൾ ശ്രേഷ്ഠനാണ്. അവൻ നിങ്ങളെ അഗ്നികൊണ്ടും ആത്മാവു കൊണ്ടും സ്നാനപ്പെടുത്തും

യോഹന്നാന്റെ മരണശേഷം ഹെരോദാസും, മറ്റു ചിലരും കർത്താവിനെക്കുറിച്ച് അവൻ യോഹന്നാൻ വീണ്ടും വന്നതാണ് എന്നു പറഞ്ഞിട്ടുണ്ട്. യോഹന്നാൻ അവന്റെ ദൗത്യം നിർവ്വഹിച്ചിട്ടുണ്ട് ദൈവയിഷ്ട പ്രകാരം രംഗത്തു നിന്ന് പിരിഞ്ഞു.

അവനേപ്പോലെ വിശുദ്ധിയിൽ നമ്മൾ ജീവിക്കണം. സത്യം പറയുന്നതിൽ നമ്മൾ മുഖം നോക്കരുത്. നമ്മൾ കുറ്റമറ്റു ജീവിക്കുകയും, മറ്റുള്ളവർ തെറ്റു ചെയ്യുമ്പോൾ സധൈര്യം ചൂണ്ടിക്കാണിക്കുകയും, വാളെങ്കിൽ വാളു മരണമെങ്കിൽ മരണം വരിക്കുവാൻ സന്നദ്ധരാകയും വേണം. ദൈവം തന്റെ ആത്മാവിനാൽ നമ്മെ അതിന് ശക്തരാക്കട്ടെ. ആ പരിശുദ്ധന്റെ മദ്ധ്യസ്ഥതയാൽ ദൈവം നമ്മളെല്ലാവരേയും അനുഗ്രഹിപ്പാറാകട്ടെ.



# 801 ചിന്തകൾ

മലങ്കര മൽപ്പാൻ ഡോ. കുര്യൻ കോറെപ്പിസ്കോപ്പാ, കണിയാംപറമ്പിൽ

730. ദുഷ്ടർക്കു ബോധോധയം വരുത്തി/ ശിഷ്ടരാക്കാനായി തീവ്രയത്നം/ ക്ളിഷ്ടമാണെങ്കിലും ചെയ്യണം നാം/ ആത്മിക സാമൂഹിക രംഗങ്ങളിൽ.

731. അധികാര സ്ഥാനവും അധിക സ്വത്തും സ്ഥാനമാനങ്ങളും വേണ്ടെനിക്ക്/ നല്ലവൻ എന്നുള്ള പേരുകിട്ടാൻ/ എല്ലാ സമയവും ശ്രമിച്ചിടും ഞാൻ!

732. നാഥാനിയേലിനെ കണ്ട നാഥൻ/ കറയില്ലാത്തിസ്രയേല്യൻ എന്നുരച്ചു./തിരുവായിൽ നിന്നുമാ ശ്രേഷ്ഠ സർട്ടിഫിക്കറ്റ്/ കിട്ടണമെന്നതാണെന്റെ നോട്ടം.

733. കരിക്കട്ടയിൽ തീയിട്ട് ഊതിനോക്കു/ പൊൻകട്ടപോലത് ശോഭിക്കുന്നു! ഇക്കരിക്കട്ടയിൽ വിശുദ്ധാത്മാവ് വസിക്കുമെങ്കിൽ! ഇക്കരിക്കട്ട- പൊൻകട്ടയായി പരിണമി ക്കും.

734. ബധിര വിദ്യാർത്ഥികൾതൻ മധ്യത്തിൽ / ബുദ്ധിമാന്റെ പ്രസംഗങ്ങൾക്കെന്തു പ്രയോജനം.
അതുപോലെ ധിക്കാരിക്ക് മതപ്രസംഗവും!

735. വിഭവങ്ങൾ വിളമ്പിയിട്ട്-/ ഭക്ഷിക്കരുതെന്ന് ചൊല്ലുമ്പോലെ / ബാർ ഷാപ്പുകൾ നിരത്തിയിട്ട് മദ്യപിക്കരുതെന്ന് പറയുന്നത്.!

736. മദ്യപന്മാരോട് അരുതെന്ന് / ഉപദേശിക്കേണ്ടത് വേണ്ടത് / അതുപോലെ / നിയമത്താൽ ആവശ്യം മദ്യനിരോധനം

737. എനിക്കു വായ ഒന്നേ ഉള്ളൂ അത് ദൈവത്തെ സ്തുതിപ്പാനും ഉപദേശിപ്പാനും ആശ്വസിപ്പാനും ഉള്ളതാണ്, അതു കള്ള് ഒഴിക്കാനും കള്ളവും ഭള്ളും പറയാനും ആക്ഷേപിക്കാനും അസത്യം പറയാനുമുള്ളതല്ല.

738. ദൈവവിശ്വാസം വെറും മൂഢമാണ് / എങ്ങോ എന്തോ ഉണ്ടെന്നു വിശ്വസിക്കൽ / ചന്ദ്രനിൽ വണ്ടി ഇറക്കി ഓടിച്ച കാലം (ഹൂസ്റ്റണിൽ ആ വാഹനം) തൊട്ടുഞാനും.

739. വായുവേഗത്തിൽ പറക്കുന്നു നീ / കരയ്ക്കുപരി കടലുപരിപറക്കും പ്ലെയിൻ / ഉള്ളിലെ യന്ത്രങ്ങൾ പരിശോധിച്ചുവോ നീ? ഇല്ലില്ല കേവലം വിശ്വാസത്തിൽ / പരിശോധിക്കുവാൻ നിനക്കു കഴിവുമില്ല

740. സ്റ്റേറ്റ്സിലെ ലിബർട്ടി സ്തൂപം നീ കണ്ടില്ലാ / കണ്ടവർ പറഞ്ഞുള്ള അറിവുമാത്രം / കാണാത്തതുണ്ടെന്നു വിശ്വസിച്ച / നീ ഭോഷനെന്നു പറഞ്ഞാൽ കോപിക്കല്ലേ.

741. ദോശയുണ്ടാക്കുമ്പോൾ മറിച്ചിടുന്നു/ മറുവശം വേകുവാൻ എന്നു ഞാനും / അതിന് തനിയെ മറിയാൻ കഴിയായ്കയാൽ / എന്നു നീ പറഞ്ഞതും സത്യമല്ലേ?

742. ഒരു കാര്യത്തിൽ - സത്യം - ഒന്നുമാത്രം / ഒന്നുസത്യം മറ്റേത് യുക്തിയല്ലേ? / യുക്തിയാൽ പലരേയും വീഴിച്ചിടാം. / എന്നാലും സത്യം നിലനിന്നിടും.

743. വെള്ളം കുടിക്കുന്നു - എന്തുകൊണ്ട്? ദാഹം കൊണ്ടാണെന്നു ഞാൻ പറയും / വായ്കൊണ്ടാണെന്ന് നീ പറയും!/ ശരിയല്ലേ ഇരുവരും പറഞ്ഞകാര്യം.

744. ലോകാരംഭം മുതൽക്കിന്നയോളം / എണ്ണമില്ലാ കോടികൾ വിശ്വസിക്കും / സത്യം നിൻ മഹായുക്തികൊണ്ട് തരിപ്പണമാകില്ലേ - ഇല്ല, ഇല്ല.

745. ദീപത്തിൽ തൊട്ടകൈ പൊള്ളിപ്പോയി! / ഇല്ലില്ല. അതു വെറും തോന്നലത്രെ / എന്നു നീ വാദിച്ചാൽ ചിരിച്ചു പോകും! / ദൈവമെന്നപേക്ഷ കേട്ടുവന്നു / സാക്ഷിക്കും ലക്ഷോപലക്ഷമുണ്ട്!

746. ഇന്നു വ്യാഴം എങ്കിലോ / നാളെ വെള്ളി സുനിശ്ചിതം അതുപോൽ തന്നെ സുനിശ്ചിതം / ഭക്തരിൽ ദൈവപ്രസാദവും.

747. ക്രിസ്തു നിങ്ങളിലുരുവാകുവോളം / വേദനിക്കുന്നു ഞാൻ എന്നെഴുതി പൗലോസ് / ഈ മനോഭാവം നമുക്കു വന്നാൽ / അപരരും നാമും അനുഗ്രഹീതർ!

748. കാട്ടാനയെ കുഴിയിൽ നിന്നു കരേറ്റുവാൻ / നാട്ടാനവേണം; ആയതുപോൽ / യുവലോകമാലിന്യം തുടച്ചു മാറ്റാൻ - ആദർശനിഷ്ഠർ- യുവാക്കൾവേണം.

749. ഭക്തനുലഭിക്കുന്ന അവസരങ്ങൾ - അനുതാപത്തിനായ് വിനിയോഗിക്കും - അഭക്തനു കിട്ടുന്നവസരമോ - ആത്മനാശചര്യകൾക്ക്.

750. മദ്യത്തോടുള്ളടുപ്പത്തിലോ- തൊഴിലാളി മുതലാളി ഭേദമില്ല! മുമ്പെല്ലാം ബെഡ് കോഫി ആയിരുന്നു / ഇന്നതു ബെഡ്ലിക്വറായിമാറി!

# അഞ്ചപ്പവും രണ്ടുമീനും ഒരു ഗൃഹപാഠം

ഡി: ഷിബു ഈപ്പൻ ഫരീദാബാദ്

ഇന്ന് റ്റിന്റു മോൻ പതിവിലും സന്തോഷത്തിലാണ്. അതിനാൽ അപ്പച്ചന്റെ വരവും കാത്ത് അവൻ പടിവാതിൽക്കൽ തന്നെ നിന്നു. എല്ലാ ദിവസവും വൈകുന്നേരം അപ്പച്ചൻ വന്നാൽ ഉടനേ അവൻ എന്തെങ്കിലും സംശയങ്ങളുമായി അടുത്തുകൂടും. അവന്റെ സംശയങ്ങൾക്ക് വേദപുസ്തകത്തിലെ വാക്യങ്ങളും കഥകളും ചേർത്ത് മറുപടി പറയുവാൻ സൺഡേസ്കൂൾ അദ്ധ്യാപകൻ കൂടിയായ അവന്റെ അപ്പച്ചനും ഉത്സാഹമാണ്. പകൽ നടന്ന ഓരോ സംഭവങ്ങളും അവൻ അപ്പച്ചനെ വിവരിച്ചു കേൾപ്പിക്കും. അതെല്ലാം ശ്രദ്ധിച്ചുകേട്ട് അപ്പച്ചൻ മറുപടി പറഞ്ഞുകൊണ്ടിരിക്കും. ദൂരെനിന്നും അപ്പച്ചൻ വരുന്നതുകണ്ട് അവൻ തുള്ളിച്ചാടി. വന്നു കയറിയ ഉടനേ അപ്പച്ചന് ചായ കൊടുക്കാൻ അമ്മച്ചിയോടു വിളിച്ചു പറഞ്ഞിട്ട് അവൻ അപ്പച്ചന്റെ അരികിൽ വന്നിരുന്നു. പതിവുപോലെ വാർത്തകളുടെ കെട്ടഴിച്ചു. അപ്പച്ചാ ഇന്ന് ഇവിടെ ഒരു അത്ഭുതം നടന്നു. അമ്മച്ചി ഒരു നാരങ്ങാ പിഴിഞ്ഞ് ഇവിടെ വന്ന അഞ്ച് ആന്റിമാർക്കു നാരങ്ങാ വെള്ളം കൊടുത്തു. ശേഷിച്ചത് എനിക്കും തന്നു. നമ്മുടെ കർത്താവ് അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചതുപോലെ

പുത്രന്റെ സംസാരം കേട്ട് സണ്ണിക്കുട്ടിക്ക് ചിരിയടക്കാൻ കഴിഞ്ഞില്ല. മോന്റെ അമ്മച്ചി ആളുകൊള്ളാമല്ലോ? അദ്ദേഹം ചിരിച്ചു കൊണ്ട് തുടർന്നു ആട്ടെ, മോനറിയാമോ നമ്മുടെ കർത്താവ് തന്റെ മനുഷ്യാവതാരകാലത്ത് നടത്തിയ അത്ഭുത പ്രവർത്തികളിൽ നാലു സുവിശേഷകന്മാരും വിവരിച്ചു പറയുന്ന ഏക അത്ഭുത പ്രവർത്തനം അഞ്ചപ്പവും രണ്ടുമീനും കൊണ്ട് അയ്യായിരം പുരുഷന്മാരെ പോഷിപ്പിച്ചു എന്നതാണ്. മത്തായി. 14:14–20, മർക്കൊ. 6:37–49, ലൂക്കോ. 1:9: 11–18, യോഹ. 6:1–14 എന്നീ വേദഭാഗങ്ങളിൽ ഈ അടയാളം വിവരിച്ചിരിക്കുന്നു ഇതിൽ വിശുദ്ധ യോഹന്നാൻ ശ്ലീഹ ഈ സംഭവം കൂടുതലായി വിശദീകരിച്ചിരിക്കുന്നു.

കർത്താവായ യേശുക്രിസ്തു രോഗികളിൽ ചെയ്യുന്ന അത്ഭുതങ്ങൾ കണ്ടും, ദൈവ വചനം ശ്രവിക്കുന്നതിനും മറ്റുമായി വളരെ വലിയ പുരുഷാരം അനുഗമിച്ചിരുന്നു. അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ അലയുന്നതുകണ്ടപ്പോൾ കാണാതെപോയ ആടിനെ തേടിവന്ന ആ വലിയ ഇടയന്റെ മനസലിഞ്ഞു. അവരോട് ദൈവവചനം പ്രസംഗിച്ചു അവരുടെ രോഗികളെ സൗഖ്യമാക്കി (മത്താ. 14:14) വൈകുന്നേരമായപ്പോൾ അവർക്കു വിശക്കുന്നു എന്നു മനസ്സിലാക്കി കർത്താവ് തന്റെ ശിഷ്യന്മാരിൽ ഒരുവനായ ഫീലിപ്പോസിനോട് ഇവർക്ക് തിന്മാൻ കൊടുപ്പാൻ നാം എവിടെ നിന്നും അപ്പം വാങ്ങുമെന്ന് ചോദിച്ചു. അത് അവനേ പരീക്ഷിക്കുവാനത്രേ ചോദിച്ചത് (യോഹ. 6:5) താൻ എന്തു ചെയ്യാൻ പോകുന്നു എന്ന് കർത്താവറിഞ്ഞിരുന്നു. നശിച്ചുപോകുന്ന ആഹാരത്തിനായല്ല നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരത്തിനായി പ്രവർത്തിക്കുവീൻ (യോഹ. 6:27). എന്നു പഠിപ്പിച്ച കർത്താവ് തന്നേ തേടി വന്ന ജനങ്ങളുടെ വിശപ്പ് മനസ്സിലാക്കുന്നു. തളരുമ്പോൾ താങ്ങുന്നവൻ, ദുഃഖിക്കുമ്പോൾ ആശ്വസിപ്പിക്കുന്നവൻ, കരയുമ്പോൾ കൂടെ കരുതുന്നവൻ ഇവിടെ വിശക്കുന്നവന്റെ വിശപ്പു മനസ്സിലാക്കി അവർക്ക് ആഹാരം നൽകാൻ ശിഷ്യന്മാരോട് കൽപിക്കുന്നു.

ഇന്നത്തെ രീതിയിൽ നാം ചിന്തിക്കുമ്പോൾ ഫീലിപ്പോസിനോട് കർത്താവിതു പറഞ്ഞപ്പോൾ അവൻ സഹോദരന്മാരുടെ ഒരു കമ്മറ്റി വിളിച്ചുകൂട്ടിയിരിക്കും. അവർ പരസ്പരം ആലോചിച്ചു. ഓരോരുത്തരും അവരവരുടെ അഭിപ്രായം പറഞ്ഞു എന്നു സങ്കൽപിക്കുക. ഒരാൾ പറയുന്നു ഇത് വിജന പ്രദേശമാണ് ഇത്രയധികം ആളുകൾക്ക് ഭക്ഷണമുണ്ടാക്കുന്ന ഹോട്ടലുകൾ ഒന്നും ഇവിടില്ല. മറ്റൊരാൾ പറയുന്നു അഥവാ ആഹാരം ലഭിച്ചാൽ തന്നെ അതിന് സാമ്പത്തികമായി സഹായിക്കാൻ പറ്റിയ സ്പോൺസറേ കണ്ടുപിടിക്കാൻ ഈ വൈകിയ വേളയിൽ സാധിക്കില്ല. അവസാനം പണം സൂക്ഷിച്ചിരുന്ന യൂദാ പറഞ്ഞു സ്വന്തമായി വാങ്ങണമെങ്കിൽ അതിനു പണവും കയ്യിലില്ല. ഒടുവിൽ കമ്മറ്റി തീരുമാനവുമായി ഫീലിപ്പോസ് നാഥന്റെ മുമ്പിൽ ചെല്ലുന്നു ഓരോരുത്തന് അൽപാൽപം ലഭിക്കാൻ ഇരുനൂറ് പണത്തിന്റെ അപ്പം മതിയാകയില്ല എന്നുത്തരം പറഞ്ഞു (യോഹ. 6:7) ആയതിനാൽ തത്കാലം ഈ പ്രോഗ്രാം നിർത്തിവെയ്ക്കണം എന്ന് അവൻ ശുപാർശ ചെയ്തു. ഇന്ന് നമ്മുടെ വ്യക്തിജീവിതത്തിലും സംഭവിക്കുന്നത് ഇതാണ്. എല്ലാ കാര്യത്തിലും ആകുലചിന്തകൾ നമ്മേ വേട്ടയാടിക്കൊണ്ടിരിക്കും. എല്ലാത്തിനും കഴിവുള്ളവനായ ദൈവം കൂടെയിരുന്നിട്ടും നിഷേധാത്മക (നെഗറ്റീവ്) ചിന്താഗതി പുലർത്തിയ ഫീലിപ്പോസിനെപ്പോലെയാണ് നാമും ചിന്തിക്കുന്നത്. പരി. പൗലോസ്ശ്ലീഹാ പറയുന്നു എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം സകലത്തിനും മതിയാകുന്നു. (ഫിലി: 4:13) ഈ വചനം നാം മനസ്സിലാക്കിയാൽ ആകുലചിന്തയ്ക്ക് നമ്മിൽ എന്തു സ്ഥാനം.

ഇത്രയധികം വരുന്ന ഈ ജനസമൂഹത്തിന് ഭക്ഷണം നൽകുക എന്ന പരിപാടി സാധ്യമല്ല എന്ന

നിർദ്ദേശം വന്നതിനുപുറകേ ശിഷ്യന്മാരിൽ ഒരുത്തനായ ശിമോൻ പത്രോസിന്റെ സഹോദരനായ അന്ത്രയോസിനോട് ഇവിടെ ഒരു ബാലനുണ്ട് അവന്റെ കൈയ്യിൽ അഞ്ച് യവത്തപ്പവും രണ്ട് മീനുമുണ്ട് എങ്കിലും ഇത്രപേർക്ക് അതെന്തുള്ളു എന്നു പറഞ്ഞു (യോഹ. 6:8,9) ഇതാണ് ക്രിയാത്മക (പോസിറ്റീവ്) ചിന്താഗതി. ഒരുവൻ പറയുന്നു സാധിക്കില്ല. മറ്റൊരു ശിഷ്യനാകട്ടെ ഇത്രയും ഞങ്ങളുടെ പക്കൽ ഉണ്ട് എന്നു പറഞ്ഞ് കൈവശം ലഭിച്ചത് മുഴുവനായി ദൈവത്തിനുമുമ്പാകെ കൊണ്ടുവരുന്നു. ഇവിടെ ഒരു പ്രത്യേകത കൂടിയുണ്ട് ഫീലിപ്പോസോ പത്രോസിന്റെയും, അന്ത്രയോസിന്റെയും പട്ടണമായ ബത്സയിദായിൽ നിന്നുള്ളവനായിരുന്നു (യോഹ. 1:44). ഒരേ നാട്ടുകാർ, ഒരേ വംശക്കാർ, ഒരുമിച്ച് വിളിച്ചു ചേർക്കപ്പെട്ടവർ. എങ്കിലും അവരുടെ ചിന്താഗതികളുടെ വ്യതിയാനം ഇവിടെ കാണുന്നു. വിളിക്കപ്പെട്ടുക എന്നതിലല്ല വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമായ ഫലം കായ്ക്കുക എന്നതത്രേ പ്രധാനം. അന്ത്രയോസ് അഞ്ചപ്പവും രണ്ടുമീനുമായി ഗുരുവിന്റെ അടുത്തേക്ക് വന്നപ്പോൾ മറ്റെല്ലാവരും അവനെ നോക്കി പരിഹസിച്ച് ചിരിച്ചിരിക്കാം. എന്നാൽ അവൻ ദൈവത്തിൽ വിശ്വസിച്ചിരുന്നു ദൈവം പ്രവർത്തിക്കുന്നതൊക്കെയും ശാശ്വതം എന്നു ഞാനറിയുന്നു, അതിനോട് ഒന്നും കൂട്ടുവാനും ഒന്നും കുറയ്ക്കുവാനും കഴിയുന്നതല്ല (സഭാ. പ്ര. 3:14) എന്ന വചനം പോലെ തന്റെ കൈവശം ലഭിച്ചത് പൊതുവിലേക്ക് കൊണ്ടു വന്നു.

ഇനി നമുക്ക് ആ ബാലനെക്കുറിച്ച് ചിന്തിക്കാം. അവന്റെ കൈവശമുണ്ടായിരുന്നത് യവത്തിന്റെ അപ്പമായിരുന്നു യവം അഥവാ ബാർലി ദരിദ്രരുടെ ഭക്ഷണമായിരുന്നു. ഇതൊരിക്കലും അക്കാലത്ത് ധനികരുടെ തീൻമേശയിൽ എത്തിയിരുന്നില്ല. ആയതിനാൽ ആ ബാലകൻ ഒരു ദരിദ്രനായിരിക്കണം. അവന്റെ അമ്മ അവനു വിശക്കാതിരിക്കാൻ സ്നേഹപൂർവ്വം നൽകിയ ഭക്ഷണം അവൻ ദൈവതിരുമുമ്പാകെ സ്വമനസ്സാലെ സമർപ്പിച്ചപ്പോൾ അത് അവനും സമൂഹത്തിനും ഒരുപോലെ ഉപകരിച്ചു. നാം പലപ്പോഴും ചിന്തിക്കുന്ന സംഗതിയാണ് നമുക്ക് കുറെ അധികം ധനമുണ്ടായിരുന്നു എങ്കിൽ മറ്റുള്ളവർക്കായി പലതും ചെയ്യുമായിരുന്നു എന്ന് 2 കൊരി. 8:12 ൽ പറയുന്നു പ്രാപ്തിയുള്ളതുപോലെ കൊടുത്താൽ ദൈവപ്രസാദമുണ്ടാകും. നമുക്ക് ദൈവം നൽകിയ കഴിവുകൾ ദൈവതിരുനാമ മഹത്വത്തിനായി വിനിയോഗിക്കുമ്പോൾ അവൻ നിറപടിയായി നമ്മേ അനുഗ്രഹിക്കും. അൽപത്തിൽ വിശ്വസ്തനായവനേ നീ അധികത്തിന് അധിപതിയായിരിക്കുക എന്നു പറയുവാൻ സംഗതിയാകും ദരിദ്രനു കൊടുക്കുന്നവന് കുറച്ചിലുണ്ടാകില്ല, കണ്ണടച്ചു കളയുന്നവനോ ഏറിയ ശാപമുണ്ടാകും (സദൃ. 28:27)

തന്റെ കയ്യിൽ അഞ്ചപ്പവും രണ്ടു മീനും ലഭിച്ചപ്പോൾ കർത്താവ് ശിഷ്യന്മാരോട് ജനങ്ങളെ നിലത്ത് ഇരുത്തുവാൻ കൽപിച്ചു. അവർ അയ്യായിരം പുരുഷന്മാരുണ്ടായിരുന്നു. പിന്നെ യേശു തമ്പുരാൻ അപ്പവും മീനും വാഴ്ത്തി പകുത്ത് അവർക്ക് നൽകി അവർ വേണ്ടുംവണ്ണം ഭക്ഷിച്ച് തൃപതരായി. തുടർന്ന് കർത്താവ് ശിഷ്യന്മാരോട് ശേഷിച്ച കഷ്ണം ഒന്നും നഷ്ടമാകാതെ ശേഖരിക്കുവാൻ എന്നു പറഞ്ഞു. (യോഹ. 6:12) അവർ അപ്രകാരം ചെയ്തു. ശേഷിച്ചത് പന്ത്രണ്ട് കുട്ട നിറച്ചെടുത്തു. ദൈവം നമുക്ക് നൽകിയതായ ചെറുതും വലുതുമായ കഴിവുകളെ നാം അലക്ഷ്യമാക്കി നശിപ്പിക്കരുത് എന്ന് അവനാഗ്രഹിക്കുന്നു. നമ്മുടെ സമ്പത്ത്, നമ്മുടെ ആരോഗ്യം നമ്മുടെ കുഞ്ഞുങ്ങൾ ഇതെല്ലാം ദൈവത്തിന്റെ ദാനങ്ങളാണ്. ഇവയൊന്നും നഷ്ടമാക്കാതെ ഇവയെ നമുക്ക് നൽകിയ ദൈവത്തിന്റെ തിരുനാമ മഹത്വത്തിനുതകുന്നതായി തീർക്കണം. അതാകുന്നു ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്. വളരെ ലഭിച്ചവനോട് വളരെ ആവശ്യപ്പെടും, അധികം ഏറ്റുവാങ്ങിയവനോട് അധികം ചോദിക്കും! (ലൂക്കോ. 12:48) നമുക്ക് ലഭിച്ച നല്ല ദാനങ്ങൾ നാം മറ്റുള്ളവർക്കായി പങ്കുവയ്ക്കുമ്പോൾ നമ്മെ പ്രതി സ്വർഗ്ഗം സന്തോഷിക്കും. നമ്മുടെ കർത്താവ് തീവായ്മൊഴിഞ്ഞ് അരുളിചെയ്യുന്നു കൊടുക്കുവീൻ എന്നാൽ നിങ്ങൾക്ക് കിട്ടും; അമർത്തി കുലുക്കി കവിയുന്ന ഒരു നല്ല അളവ് നിങ്ങളുടെ മടിയിൽ തരും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും. (ലൂക്കോ. 6:38).

ആകയാൽ ദൈവത്തിന്റെ സ്വന്ത ജനമെന്ന് അവകാശപ്പെടുന്ന നമുക്ക് തീർച്ചയായും സമൂഹത്തോട് ഒരു കടപ്പാടുണ്ട്. അതു നിർവ്വഹിക്കുവാൻ നാം ബാധ്യസ്ഥരാണ്. നമ്മുടെ ഇടവകയിൽ, നമ്മുടെ ചുറ്റുപാടുകളിൽ, നാം ആയിരിക്കുന്ന സ്ഥാനങ്ങളിൽ നിന്റെ ശുശ്രൂഷ നിറപടിയായി നിർവ്വഹിക്കുക (2 തിമൊ. 4:6) പരി.പൗലോസപ്പോസ്തലൻ പറയുന്നു സങ്കടത്തോടെയരുത് നിർബന്ധത്താലുമരുത്, സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു. (2കൊരി.9:7).

അപ്പച്ചൻ പറഞ്ഞി നിർത്തിയപ്പോൾ റ്റിന്റുമോന്റെ കണ്ണുകൾ ഈറനണിഞ്ഞിരുന്നു. ദേ കേട്ടോ, പള്ളിയിൽ സന്ധ്യമണിയടിക്കുന്നു അപ്പനും മകനും കൂടി കുറേ നേരമായല്ലോ വാചകമടിക്കുന്നു ഇനി ഇന്നത്തേക്കു മതിയാക്കി വരൂ പ്രാർത്ഥിക്കാം അക്കതു നിന്നും അമ്മച്ചിയുടെ വിളികേട്ട് അപ്പച്ചന്റെ കൈപിടിച്ച് പ്രാർത്ഥനാമുറിയിലേക്ക് നടക്കുമ്പോഴും റ്റിന്റുമോന്റെ മനസ്സിൽ സ്നേഹനിധിയായ കർത്താവായ യേശുക്രിസ്തുവും തന്റെ ഭക്ഷണം മറ്റുള്ളവർക്കു കൂടി നൽകാൻ തയ്യാറായ ആ ബാലനും നിറഞ്ഞു നിന്നിരുന്നു.ു 011111

പാലക്കുന്നത്ത് അത്തനാസ്യോസ് തിരുമേനിയെക്കുറിച്ച് പറഞ്ഞിരുന്നത് നാവു നടിച്ച കടവി എന്നായിരുന്നു. തുഃബ്ദീന്റെ പുസ്തകം, മസുമുറകൾ, ശ്ലോമോന്റെ മഹാജ്ഞാനം, മക്കോബിയാക്കാർ, രൂഥ് എന്നി പുസ്തകങ്ങൾ തിരുമേനി സുറിയാനിയാൽ നിന്നും മലയാളത്തിലേക്ക് തർജ്ജിമ ചെയ്തിട്ടുണ്ട്. അമ്പാട്ട് ഗിവറുഗീസ് കത്തനാർ മാർ കുറിലോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആയി വാഴിക്കപ്പെട്ടു അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ ആയി ചുമതലയേറ്റതിന് തുടർന്ന് ആലുവാ പള്ളി സ്ഥാപിതമായി. ആലുവാ തൃക്കുന്നത്ത് സെമിനാരി സ്ഥാപകൻ എന്ന നിലയിൽ ആയിരിക്കും ഈ തലമുറയും വരും തലമുറകളും കടവിൽ തിരുമേനിയെ അറിയുക. 1074 കുംഭ 18-ന് കടവിൽ തിരുമേനി സെമിനാരിക്ക് ശിലാസ്ഥാപനം നടത്തി. സെമിനാരി പണിക്കായ് അങ്കമാലി ഭദ്രാസനത്തിലെ ഇടവക പള്ളികളുടെ ഒരു വർഷത്തെ വരുമാനം നാലു തവണകളായി സമാഹരിച്ചാണ്. തൃക്കുന്നത്ത് സെമിനാരി പണിയുവാൻ തീരുമാനിച്ചത്. ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ ഒരു ഇംഗ്ലീഷ് ഹൈസ്ക്കൂൾ സ്ഥാപിക്കണമെന്നായിരുന്നു തിരുമേനിയുടെ ആഗ്രഹം. സെമിനാരിയുടെ പണികൾ പൂർത്തീകരിച്ചു എങ്കിലും തിരുമേനി ആഗ്രഹിച്ചതുപോലെ ഇംഗ്ലീഷ് ഹൈസ്ക്കൂൾ ആരംഭിക്കുവാൻ പല കാരണങ്ങൾ സാധിച്ചില്ല. തന്റെ മുൻഗാമി ആയിരുന്ന അമ്പാട്ടു ഗീവറുഗ്ഗീസ് മാർ കുറിലോസ് തിരുമേനി സ്ഥാപിച്ച ആലുവാ പള്ളിയും താൻ സ്ഥാപിച്ച തൃക്കുന്നത്ത് സെമിനാരിയും എക്കാലവും പരിശുദ്ധ അന്തോഖ്യാ സിംഹാസനത്തിൽ കീഴിൽ തന്നെ ആയിരിക്കണമെന്ന് തിരുമേനിയ്ക്ക് നിർബന്ധമായിരുന്നു. അതിനുവേണ്ടി തിരുമേനി ഭദ്രാസനട്രസ്റ്റ് രൂപീകരിച്ച് സെമിനാരി ഭരണം ട്രസ്റ്റിന് കൈമാറി. ട്രസ്റ്റിലെ വ്യവസ്ഥകൾ ഒരു വിൽപത്രമാക്കി 1078 വൃശ്ചികം 7-ന് വടക്കൻ പറവൂർ സബ്ബ് രജിസ്റ്റർ ഓഫീസിൽ ഒന്നാം നമ്പറായി രജിസ്റ്റർ ചെയ്തു. കുംബവീതമായി കിട്ടിയ സ്വത്തുക്കളിൽ ഒരു ഭാഗം കോട്ടയം വൈദീക സെമിനാരിക്കും, ഒരു ഭാഗം വടക്കൻ പറവൂർ സെന്റ് പള്ളിക്കും ബാക്കി എല്ലാം തൃക്കുന്നത്ത് സെമിനാരിക്കും തിരുമേനി ദാനമായി നൽകി. അന്നത്തെ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് തിരുമേനിയ്ക്ക് ഈ ട്രസ്റ്റിൽ ഒരു സ്ഥാനവും നൽകിയില്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. സഭയ്ക്ക് യാതൊരു അവകാശവും ഇല്ലാത്ത രീതിയിൽ തൃക്കുന്നത്ത് സെമിനാരി പൂർണ്ണമായി അങ്കമാലി ഭദ്രാസനതിന്റെത് മാത്രമായിരിക്കുവാൻ വേണ്ടിയാണ്, തിരുമേനി ട്രസ്റ്റിൽ നിന്നും മലങ്കര മെത്രാപ്പോലീത്തയെ ഒഴിവാക്കിയത്. ട്രസ്റ്റിലെ വ്യവസ്ഥകൾ പ്രകാരം കതോലിക്കാ ബാവാക്കോ മലങ്കര മെത്രാപ്പോലീത്തായ്ക്കോ ആലുവാ തൃക്കുന്നത്ത് സെമിനാരി, പള്ളി അനുബന്ധ സ്ഥാപനങ്ങൾ എന്നിവയിൽ യാതൊരു അധികാരമോ അവകാശമോ ഇല്ല. സെമിനാരിയുടെ പൂർണ്ണ അവകാശം പരിശുദ്ധ അന്തോഖ്യ സിംഹാസനത്തിൽ കീഴിലുള്ള ഇപ്പോഴത്തെ അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്ത എന്ന നിലയിൽ ആബുൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവക്കാണ് ആലുവാ തൃക്കുന്നത്ത് സെമിനാരിയുടെ അവകാശം. അതു പോലെ തന്നെ അങ്കമാലി ഭദ്രാസനത്തിലെ ഓർത്തഡോക്സ് സഭയുടെ 9 ഇടവക പള്ളികൾ അല്ല മറിച്ച് യാക്കോബായ സഭയുടെ 159 ഇടവക പള്ളികളാണ് ആലുവാ തൃക്കുന്നത്ത് സെമിനാരിയുടെ യഥാർത്ഥ അവകാശികൾ. ഈ വിൽപത്രം സംബന്ധിച്ച ഓർത്തഡോക്സുകാർ ഉന്നയിക്കുന്ന വാദങ്ങൾ ഒന്നും തന്നെ നിലനിൽക്കുകയില്ല. ഈ വിൽപത്രം പ്രോബേറ്റു ചെയ്തിട്ടില്ലാ എന്നതാണ് ഗുരുതരമായ ന്യൂനതയായി ഓർത്തഡോക്സ് വിഭാഗം ഉന്നയിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റ് വിൽപത്രങ്ങൾ പ്രോബേറ്റ് ചെയ്യേണ്ടാ എന്ന് നിയമം പാസ്സാക്കി നടപ്പിൽ വരുത്തിയ കാര്യം ആ സഭയിൽ ആരും ഇതേവരെ മനസ്സിലാക്കിയിട്ടില്ല എന്ന് തോന്നുന്നു. വിൽപത്രത്തിൽ ഒപ്പിട്ടിരിക്കുന്ന സാക്ഷികൾ മരിച്ചു പോയതുകൊണ്ട് വിൽപത്രത്തിന് ഒരു ന്യൂനതയും ഇല്ല. 1958-ലെ യോജിപ്പോടെ വിൽപത്രത്തിന്റെ പ്രസ്ക്തി നഷ്ടപ്പെട്ടു എന്നും തൃക്കുന്നത്ത് 1934-ലെ ഭരണഘടന പ്രകാരം ഭരിക്കപ്പെടുമെന്നും ആണ് മറ്റ് ഒരു വാദം. ഒരു രജിസ്റ്റർ പ്രമാണം മറ്റ് ഒരു രജിസ്റ്റർ പ്രമാണത്തിലോ കോടതി വിധിയിലോ മാത്രമേ റദ്ദാക്കപ്പെടുകയുള്ളു. അല്ലാതെ പാത്രിയർക്കീസ് ബാവയുടെയോ കാതോലിക്കാ ബാവയുടെയോ കല്പനയിൽ സർക്കാർ പ്രമാണങ്ങൾ ഒന്നും തന്നെ റദ്ദായി പോകുകയില്ല. 1934-ലെ ഭരണഘടന പോയിട്ട് 2002-ലെ ഭരണഘടന പോലും തൃക്കുന്നത്ത് സെമിനാരിക്ക് ബാധകമല്ല. 78 വയസ്സ് പ്രായമുണ്ടായിരുന്ന കടവിൽ തിരുമേനി കാലം ചെയ്തിട്ട് 100 വർഷം തികയുന്നു. ഓർത്തഡോക്സ് സഭ ഉണ്ടായിട്ടു എഴുപത്തി മൂന്നു വർഷം മാത്രമേ ആയിട്ടുള്ളു. ഒരു സഭ ഉണ്ടാകുന്നതിനു മുൻപ് ജനിച്ച് മരിച്ച് ഒരാൾ ആ സഭയിൽ അംഗമായിരുന്നുവെന്ന് പറയുന്നതിൽപരം വിഢിത്തരം വേറെ ഉണ്ടോ? രോഗാവസ്ഥയിലായ തിരുമേനി സുബോധത്തോടെ തന്നെ അന്ത്യകൂദാശ സ്വീകരിച്ചു. 1907 നവംബർ 2 ശനിയാഴ്ച പകൽ പത്തു മണിക്ക് തന്റെ 78-ാം വയസ്സിൽ മലങ്കര ആകെ പ്രകാശം ചൊരിഞ്ഞു നിന്ന ആ പുണ്യദീപം പൊലിഞ്ഞു. “മരണത്തിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് തന്നെ മെത്രാപ്പോലീത്ത തന്റെ മരണസമയത്ത് പറ്റി പ്രസ്താവിക്കുകയും, അതിൻപ്രകാരം ആ സമയത്ത് തന്നെ കാലം ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. സ്വതവേ ഭക്തനായ ഇദ്ദേഹത്തിന്റെ കാര്യത്തിൽ ഇപ്രകാരം സംഭവിച്ചതിൽ ഒട്ടും തന്നെ അതിശയിക്കാനില്ല” എന്നാണ് തിരുമേനിയുടെ കബറടക്ക റിപ്പോർട്ടിൽ മലയാള മനോരമ ലേഖകർ എഴുതിയത്. (മലയാള മനോരമ 1907 നവംബർ 9) തിരുമേനിയുടെ ആജ്ഞപ്രകാരവും പ്ലാൻ അനുസരിച്ചും പള്ളിയുടെ ഇടതുവശത്തെ മുറിയിൽ മുൻപ് തന്നെ പണിയിച്ചിരുന്ന കബറിൽ അടക്കം ചെയ്തു. കടവിൽ തിരുമേനിയുടെ കബറടക്ക ശുശ്രൂഷ നടത്തിയതു മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയേസസ് തിരുമേനിയായിരുന്നു. (മലയാള മനോരമ 09.11.1907). നാല്പത് അടിയന്തിരത്തിന് കുർബ്ബാന ചൊല്ലിയതു മാർ ഈവാനിയോസ് തിരുമേനി തന്നെ ആയിരുന്നു. (മലയാള മനോരമ 18.12.1907) നാല്പതു അടിയന്തിരത്തിന് പള്ളികൾക്ക് കല്പനകൾ അയച്ചത് പോലും മാർ ഈവാനിയോസ് തിരുമേനി ആയിരുന്നു. മലങ്കര മെത്രാപ്പോലീത്ത എന്ന നിലയിൽ പുലിക്കോട്ടിൽ ദിവന്നാസ്യോസ് തിരുമേനി ഇതു സംബന്ധിച്ച് യാതൊന്നും ചെയ്തിട്ടില്ല.

പുണ്യപിതാവിന്റെ ഓർമ്മ ആലുവാ തൃക്കുന്നത്ത് സെന്റ് മേരീസ് യാക്കോബായ പള്ളിയിലും വടക്കൻ പറവൂർ സെന്റ് തോമസ് പള്ളിയിലും നവംബർ 2-ന് ആചരിച്ചു വരുന്നു. പുണ്യപിതാവിന്റെ മധ്യസ്ഥത അനുഗ്രഹത്തിനായി തീരട്ടെ ആമീൻ.

**Printed Matter**

**To**

**Sri / Smt.** ..........................................................

..........................................................

..........................................................

**If undelieverd Please return to:**
**Chev. K.J. Abraham Kodiattu,**
**Managing Editor**
**Yakkoobyan-Monthly**
**Tiruvalla P.O., Pathanamthitta (Dst.), Kerala.**

Printed & Published by S.O.S.S. Printed at Puthethu Offset Printers, Kallissery. Tel: 0479-2426561
Mag. Editor Chev. K.J. Abraham Kodiattu. Tel: 0469-2601005, Chief Editor (Hon) Fr. Koshy P. George, Tel: 0468-2286465,
Editor (Hon) Alexander Karakkad, Tel: 0479-2424177 (R) 94461 88030 (M), Website: www.yakkoobyan.org